

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പൂവച്ചൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/2353/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 17/01/2026
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പൂവച്ചൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ ജി.പി.6/2353/2025 തീയ്യതി: 17/01/2026

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
പ്രതാപ്കുമാർ ആർ.	ഡെപ്യൂട്ടി ഡയറക്ടർ	15-12-2025	19-12-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-12-2025	19-12-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീമതി സെലിൻ ആർ. ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിജിത് ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി വെർജിൻ ഷീജ റ്റി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി പ്രീത ജാസ്മിൻ ഡി.ആർ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി നസീമ ബീവി എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രഞ്ജിത് സി. ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. റ്റി. സനൽകുമാർ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ. സിജു പി.	സെക്രട്ടറി	01-04-2024	03-09-2024
ശ്രീ. മനോജ് എസ്.	സെക്രട്ടറി	04-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സിജു പി.	സെക്രട്ടറി	01-04-2024	03-09-2024
ശ്രീ. മനോജ് എസ്.	സെക്രട്ടറി	04-09-2024	31-03-2025
ശ്രീമതി ലിമ പി.എസ്.	അസി. സെക്രട്ടറി	01-04-2024	31-03-2025
ഡോ. ഷിജു എസ്.വി.	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ഡോ. സോജ രാജ് എസ്.എസ്.	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2024	31-03-2025
ഡോ. ദുർഗ പ്രസാദ് എസ്.	മെഡിക്കൽ ഓഫീസർ, ആയുർവേദം	01-04-2024	31-03-2025
ഡോ. ലക്ഷ്മിപ്രിയ റ്റി.	മെഡിക്കൽ ഓഫീസർ ഹോമിയോ	01-04-2024	18-10-2024
ഡോ. രേഖ എസ്.കെ.	മെഡിക്കൽ ഓഫീസർ ഹോമിയോ	19-10-2024	31-03-2025
ശ്രീമതി ബിന്ദു എസ്.കെ.	ഹെഡ്മിസ്ട്രസ്	01-04-2024	31-03-2025
ശ്രീമതി ദിവ്യ എം.വി.	കൃഷി ഓഫീസർ	01-04-2024	31-03-2025
ശ്രീമതി അഞ്ജന ജെ.എസ്.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	31-03-2025
ശ്രീമതി മിനി കെ. നായർ	ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി സവിത കെ.	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	01-04-2024	24-07-2024
ശ്രീമതി ജയജ്യോതി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	25-07-2024	15-08-2024
ശ്രീമതി ദീപ എസ്. മണി	ഐ.സി.ഡി.എസ്. സൂപ്പർവൈസർ	16-08-2024	31-03-2025
ശ്രീ. ക്ലമന്റ് പി.	അസി. എഞ്ചിനീയർ	01-04-2024	14-08-2024
ശ്രീ. വിപിൻ നാഥ് എസ്.എസ്.	അസി. എഞ്ചിനീയർ	15-08-2024	08-09-2024
ശ്രീ. ജിജോ ഡബ്ല്യൂ. എസ്.	അസി. എഞ്ചിനീയർ	09-09-2024	31-03-2025
ശ്രീമതി ശ്രീദേവി ഐ.	വി.ഇ.ഒ. പൂവച്ചൽ സർക്കിൾ	01-04-2024	31-03-2025
ശ്രീ. അജിത് മോഹൻ എം.	വി.ഇ.ഒ. വീരണകാവ് സർക്കിൾ	01-04-2024	18-06-2024
ശ്രീ. ശരൺ ബി.	വി.ഇ.ഒ. വീരണകാവ് സർക്കിൾ	19-06-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	തൻവർഷത്തെ വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല	1-1-2
4	സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-3
5	അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല	1-1-4
6	വിവിധ ചെക്കുകൾ ക്രഡിറ്റായിട്ടില്ല	1-1-5
7	ബാങ്ക് ബുക്കിൽ ക്രഡിറ്റ് ബാലൻസ്	1-1-6
8	ലോൺ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുകകൾ അഡ്വാൻസ് ഹെഡിൽ ബുക്ക് ചെയ്യുന്നില്ല	1-1-8
10	ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല	1-1-9
11	ഡി.സി.ബി. സ്റ്റേറ്റ്മന്റും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല	1-1-10
12	MGNREGS – മുന്നിരിപ്പ് തുകകൾ എ.എഫ്.എസും ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല	1-1-11
13	വരവിനെക്കാൾ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു	1-1-12
14	വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല	1-1-13
15	രസീതുകൾ തെറ്റായ ഹെഡുകളിൽ ഉൾപ്പെടുത്തുന്നു	1-1-14
16	ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല	1-1-15
17	ബജറ്റ് രൂപീകരണം - അപാകങ്ങൾ	1-2-1
18	ബജറ്റ്	1-2
19	സാമ്പത്തിക വിശകലനം	1-3
20	ഗ്രാന്റ് വിനിയോഗം - അപാകതകൾ	1-4-1
21	ഗ്രാന്റ് വിനിയോഗം	1-4
22	പദ്ധതി ആസൂത്രണം	1-5
23	ക്ഷേമ പദ്ധതികൾ	1-6
24	ക്യാഷ് ബാലൻസ്	1-7
25	ആഭ്യന്തര നിയന്ത്രണം	1-8
26	മെറ്റീരിയൽ കോസ്റ്റ് -ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല	1-9-1
27	തൊഴിലുറപ്പ് പദ്ധതി	1-9
28	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
29	ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല	1-11
30	പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല	1-12
31	നികുതി - നികുതിയേതര വരുമാനമായ 49,10,052/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു	1-13
32	രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല	1-14
33	വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-15

34	തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല	1-16
35	ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല	1-17
36	അനധികൃതമായി പ്രവർത്തിക്കുന്ന പന്നിഫാമുകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല	1-18
37	വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ	1-19
38	യു.പി.എസ് ബാറ്ററികൾ വാങ്ങിയതിന് കെൽട്രോണിന് അധിക തുക നൽകി - 16,520/- രൂപ തടസ്സപ്പെടുത്തുന്നു	1-20
39	വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ - പദ്ധതി വഴി വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ നാളിതുവരെ വിതരണം ചെയ്തില്ല. 1,15,796/- രൂപ തടസ്സപ്പെടുത്തുന്നു	1-21
40	തുടർ സാക്ഷരത പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല – 4,09,350/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-22
41	പ്രവേശനോത്സവം - പഠനകിറ്റ് - അപാകങ്ങൾ	1-23
42	ബഡ്സ്കൂൾ പ്രവർത്തനം അവലോകനം	1-24
43	അങ്കണവാടികൾക്ക് മോട്ടോർ പമ്പ്, വാട്ടർടാങ്ക് വാങ്ങൽ - പദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല	1-25
44	വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 8,90,625/- രൂപ തടസ്സപ്പെടുത്തുന്നു	1-26
45	രേഖകൾ ഹാജരാക്കിയില്ല – 9,676/- രൂപ തടസ്സപ്പെടുത്തുന്നു	1-27
46	വസ്തു വാങ്ങൽ - ഓഡിറ്റിന് ഹാജരാക്കിയ ചെലവ് രേഖകൾ പൂർണ്ണമല്ല	1-28
47	കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ	1-29
48	ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം	1-30
49	ജലജീവൻ മിഷൻ അവലോകനം	1-31
50	മുൻകൂറുകൾ ക്രമീകരിക്കുന്നില്ല	1-32
51	വാഹനങ്ങളുടെ ഇൻഷുറൻസ്- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല	1-33
52	വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വാട്ടർ ചാർജ്ജ് ക്രമീകരിക്കുന്നില്ല	1-34
53	2024-25 വർഷത്തെ ലൈബ്രറി സെസ്സ് തുക അടവാക്കിയിട്ടില്ല	1-35
54	പരസ്യനിരക്കുകൾ സർക്കാർ അംഗീകൃതനിരക്കിനെക്കാൾ കൂടുതലായി അനുവദിക്കുന്നു	1-36
55	മരുന്ന് ലഭ്യമായില്ല - 46,438/-രൂപ തടസ്സം ചെയ്യുന്നു.	1-37
56	ഹെൽത്ത് ഗ്രാന്റ്	1-38
57	സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ കണക്കാക്കിയതിലെ അപാകതകൾ	1-39
58	പെയിന്റ് പ്രവൃത്തിയിലെ അപാകത	1-40
59	റോഡ് നിർമ്മാണത്തിനായി Mix Seal Surfacing എന്ന പ്രവൃത്തി നിർവ്വഹിച്ചില്ല	1-41
60	ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-42
61	റോഡ് നിർമ്മാണത്തിനായി ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചില്ല	1-43
62	ബാധ്യത തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല	1-44
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	മെഡിസെപ്പ് അവലോകനം	4-1

2	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ്	4-4
5	വായ്പ / വായ്പാ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിവരം	4-8
9	ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിന്മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3 പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികയ്ക്കാപ്പം സമർപ്പിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീ.18.12.2025 മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **പൂവച്ചൽ** ഗ്രാമപഞ്ചായത്തിന്റെ **2025 മാർച്ച് 31**-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2025 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 13.05.2025ലെ V(2) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 17.07.2025 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, **പൂവച്ചൽ** ഗ്രാമപഞ്ചായത്തിന്റെ **(2024-25)** വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യ പത്രികകൾ **31.03.2025**ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും **31.03.2025**ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

1-1-2 തൻവർഷത്തെ വരവ്-ചെലവ് കണക്കുകൾ ക്രമീകരിച്ചതിന്റെ ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല

Excess Of Income Over Expenditure നിർണയിച്ച ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീ.18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-3 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2025ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധന ചെലവ് തുടങ്ങിയവ ബാലൻസ് ഷീറ്റ് ബി-ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീ.18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-4 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2024-25 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	ഇനം	ഡിമാന്റ് രേഖപ്പെടുത്തിയ തീയതി
110100101	Property Tax On Residential Building	31.03.2025
110100102	Property Tax On Non Residential Building	
110200101	Profession Tax Institution	

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീ.18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-5 വിവിധ ചെക്കുകൾ ക്രഡിറ്റായിട്ടില്ല

State Bank Of India POOVACHAL ADB (57059415574) അക്കൗണ്ടിന്റെ 31.03.2025ലെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം പഞ്ചായത്തിന് ലഭിച്ച വിവിധ ചെക്കുകൾ നാളിത് വരെ ക്രെഡിറ്റ് ആയിട്ടില്ല (Cheque Deposited But Not Cleared). വിശദ വിവരം താഴെ ചേർക്കുന്നു.

വൗച്ചർ നം.	തീയതി	ഇൻസ്ട്രുമെന്റ് നം.	ഇൻസ്ട്രുമെന്റ് തീയതി	തുക (രൂ.)
11602500033	31-03-2017	653850	27-03-2017	1,250
11602500009	31-08-2016	083472	30-04-2022	2,500
11704900052	01-03-2018	927119	02-08-2017	1,000
11602500036	13-02-2017	1	13-02-2017	500
11604900037	13-02-2017	1	13-02-2017	240

ക്രെഡിറ്റ് ആകാത്ത ചെക്കുകളിലെ തുകകൾ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീ.18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-6 ബാങ്ക് ബുക്കിൽ ക്രഡിറ്റ് ബാലൻസ്

ബാങ്ക് ബുക്കിൽ വിവിധ കാലയളവിൽ ക്രഡിറ്റ് ബാലൻസ് (നീക്കിയിരിപ്പ് നെഗറ്റീവ്) രേഖപ്പെടുത്തിയിരിക്കുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ബാങ്ക് അക്കൗണ്ട്	കാലയളവ്
Indian Overseas Bank (314801000004444)	21-12-2024 To 23-01-2025
STATE BANK OF INDIA (67060504487)	30-09-2024 To 29-03-2025
Federal Bank (15490100147749)	05-07-2024 To 12-02-2025

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15/തീ.18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. വരവ് തുകകൾ യഥാസമയം രസീത് ചെയ്ത് പ്രതിമാസ റീകൺസിലിയേഷൻ നടത്തി ഭാവിയിൽ അപാകം ഒഴിവാക്കേണ്ടതാണ്.

1-1-7 ലോൺ വിവരങ്ങൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരവും ബാങ്ക് സ്റ്റേറ്റ്മെന്റ് (ഫെഡറൽ ബാങ്ക് – 15490100147749) പ്രകാരവും Secured Loans From KURDFC ഇനത്തിൽ തൻവർഷം 88,88,742/- രൂപ വരവുണ്ട്. എന്നാൽ പരിശോധനയ്ക്ക് ഹാജരാക്കിയ ലോൺ രജിസ്റ്റർ പ്രകാരം തൻവർഷം ലോൺ ഇനത്തിൽ അനുവദിച്ച തുക 51,68,142/- രൂപ ആണ്. കൂടാതെ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക വാർഷിക കണക്ക് പ്രകാരം 7,29,35,223/- രൂപയും ലോൺ രജിസ്റ്റർ പ്രകാരം 28,08,17,010/- രൂപയും ആണ്. വ്യത്യാസത്തിന് കാരണം

ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-1-8 നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുകകൾ അഡ്വാൻസ് ഹെഡിൽ ബുക്ക് ചെയ്യുന്നില്ല

കെ.എസ്.ഇ.ബി, അനർട്ട് എന്നീ സ്ഥാപനങ്ങൾക്ക് തൻവർഷം യഥാക്രമം 5,63,697/- രൂപ, 1,50,000/- രൂപ എന്നീ തുകകൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകകൾ പൂർണ്ണമായും അഡ്വാൻസ് ഹെഡിൽ ബുക്ക് ചെയ്തതായി കാണുന്നില്ല. ആയതിനാൽ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല. ആയതിന് കാരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ഭാഗം (4-3)ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-1-9 ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

A) വിവിധ ബാങ്ക് അക്കൗണ്ടുകളുടെ 01.04.2024 മുതൽ 31.03.2025 വരെയുള്ള കാലയളവിലെ ബാങ്ക് സ്റ്റേറ്റ്മന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൗണ്ട്	നീക്കിയിരിപ്പ്
Bank Of Baroda (58370200000092)	295
District Treasury Kattakada (702011400000014)	0

B) രസീത് ആന്റ് പേയ്മെന്റ് RP-40(B) ഷെഡ്യൂൾ പ്രകാരം Nationalised Bank Account Of Own Revenue Fund എന്ന അക്കൗണ്ടിന്റെ (നീക്കിയിരിപ്പ് - 19011) ബാങ്ക് സ്റ്റേറ്റ്മന്റ്, ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) ജില്ലാ റൂറൽ ട്രഷറി കാട്ടാക്കട-യിലെ അക്കൗണ്ടിന്റെ സ്റ്റാറ്റസ് ക്ലോസ്ഡ് ആണെന്നും ബാങ്ക് ഓഫ് ബറോഡയുടെ 11/12/2024 വരെയുള്ള സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കുകയും സ്റ്റേറ്റ്മെന്റ് പ്രകാരം 295/- രൂപ അവശേഷിക്കുകയും ചെയ്യുന്നുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. കൂടാതെ ILGMS-ൽ RP-40(B) Cash And Bank Balance പ്രകാരം Nationalised Bank Account Of Own Fund Revenue എന്ന് കാണുന്ന അക്കൗണ്ട് യാഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിലില്ലാത്തതാണെന്നും ആയത് ILGMS സോഫ്റ്റ്വെയറിലെ Error കാരണം സ്വയം കൂട്ടിചേർത്ത് വരുന്നതാണെന്നും ഇത്തരത്തിൽ ബാങ്ക് അക്കൗണ്ട് നിലവിലില്ലാത്തതിനാലാണ് ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക്, റീക്കൺസിലിയേഷൻ സ്റ്റേറ്റ്മന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ കഴിയാത്തതെന്നും ടി തെറ്റായ അക്കൗണ്ട് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-10 ഡി.സി.ബി. സ്റ്റേറ്റ്മന്റും വാർഷിക ധനകാര്യ പത്രികയും പൊരുത്തപ്പെടുന്നില്ല

Property Tax On Residential Building, Non Residential എന്നിവയുടെ വാർഷിക ധനകാര്യ പത്രികയിലെ കളക്ഷൻ, ബാലൻസ് തുകകളും സഞ്ചയ സോഫ്റ്റ്വെയർ വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

വിശദാംശം ചുവടെ-

ഇനം	കളക്ഷൻ (രൂ)		ബാലൻസ് (രൂ) (ലൈബ്രറി സെസ് ഉൾപ്പെടെ)	
	വാർഷിക ധനകാര്യ പത്രിക	സഞ്ചയ	വാർഷിക ധനകാര്യ പത്രിക	സഞ്ചയ
Property Tax On Residential Building – Current	33,24,160	32,58,634	5,74,526	6,34,071
Property Tax On Non Residential Building – Current	40,87,907	40,33,667	4,84,586	5,26,325

വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്ന വേളയിൽ കെ-സ്മാർട്ട് സോഫ്റ്റ്വെയർ പ്രവർത്തന ക്ഷമമാക്കുന്നതിന്റെ ഭാഗമായി സോഫ്റ്റ്വെയർ ഓപ്പൺ അല്ലാത്തതിനാൽ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് മുഖാന്തിരം ലഭ്യമാകുന്ന കളക്ഷൻ പുരോഗതി റിപ്പോർട്ട് പ്രകാരമാണ് എ.എഫ്.എസ്. രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളതെന്നും വാർഷിക ധനകാര്യ പത്രിക സമർപ്പിക്കപ്പെട്ടതിന് ശേഷം മാത്രമാണ് സഞ്ചയ സോഫ്റ്റ്വെയറിൽ അപ്ഡേഷനുകൾ ഉണ്ടായി ലഭ്യമായിട്ടുള്ളതെന്നുമാണ് മറുപടിയായി (നം.21/തീ.19.12.2025) അറിയിച്ചിരിക്കുന്നത്.

1-1-11 MGNREGS – മുന്നിരിപ്പ് തുകകൾ എ.എഫ്.എസും ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല

1) ക്യാഷ്ബുക്ക് പ്രകാരം MGNREGS-ന്റെ 01.04.2024 ലെ മുന്നിരിപ്പ് 16,70,112.55/- രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം [Rp-40(A)] തുക 11,139/- രൂപയാണ്. MGNREGS-ന്റെ അക്കൗണ്ടിൽ നിന്നും അഡ്വാൻസ് ഇനത്തിൽ ചെലവഴിച്ച തുകയായ 16,58,973/- രൂപയുടെ ചെക്ക് തയ്യാറാക്കി സാമ്പത്തിക വർഷാവസാനം ബാങ്കിൽ സമർപ്പിക്കുകയും ആയത് ILGMS-ൽ പേയ്മെന്റ് നടത്തുകയും

ചെയ്തിരുന്നു. ആയതിനാലാണ് വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പ് 11,139/- രൂപയായ് കാണുന്നതെന്നും എന്നാൽ ടി ചെക്ക് ബാങ്കിൽ നിന്നും മാറിയത് 02/04/2024ന് ആയതിനാലാണ് ക്യാഷ് ബുക്കിൽ 16,70,112/- രൂപ (16,58,973+11,319) എന്ന് കാണുന്നതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) മറുപടിയായി അറിയിച്ചിരിക്കുന്നത്.
2) ഭരണ ചെലവുകളുടെ ലെഡ്ജർ പരിശോധിച്ചതിൽ ചെലവ് തുക 25,62,451/- രൂപയും ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള (I 14P) ചെലവുതുക 42,21,424/-രൂപയുമാണ് വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-1-12 വരവിനെക്കാൾ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ് 36,14,48,331/-രൂപയും ചെലവ് 36,33,04,466/-രൂപയും ഡെഫിസിറ്റ് 7,18,939/- രൂപയും ആണ്. വരവിനെക്കാൾ കൂടുതൽ ചെലവ് ബുക്ക് ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) മറുപട് ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-13 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രജിസ്റ്ററുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല

1) വരവ് രജിസ്റ്ററുകളുടെ (വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ വരവിനങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

2) B-18 ഷെഡ്യൂളിലെ മുൻകൂർ തുകകളുടെ ആധികാരികത പരിശോധിക്കാൻ അഡ്വാൻസ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

വരവ് രജിസ്റ്ററുകളുടെ സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയും അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ കാലികമാക്കിയും ആഡിറ്റിന് മുമ്പാകെ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21 തീ.19.12.2025) മറുപടിയായി അറിയിച്ചിരിക്കുന്നത്. രജിസ്റ്ററുകൾ കാലികമാക്കി അറിയിക്കേണ്ടതാണ്.

1-1-14 രസീതുകൾ തെറ്റായ ഹെഡുകളിൽ ഉൾപ്പെടുത്തുന്നു

RP-4 ഷെഡ്യൂളിൽ 140400199 - Other Fees ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ ചില വരവുകൾ തെറ്റായി പ്രസ്തുത ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

രസീത് നം./തീയതി	തുക (രൂ.)	ഉൾപ്പെടുത്തേണ്ടിയിരുന്ന വരവ് ഹെഡ്/ഇനം
1240102776/25-10-2024	48	140130119/ Fee For Extracts As Per RTI Act

ആയത് പിന്നീട് ജേണൽ ചെയ്ത് മാറ്റിയിട്ടുമില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-1-15 ലെഡ്ജർ ബാലൻസുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58(ഇ) പ്രകാരം ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുണ്ട്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.21/തീ.19.12.2025) മറുപട് ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കേണ്ടതാണ്.

1-2-1 ബജറ്റ് രൂപീകരണം - അപാകങ്ങൾ

എ) 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖണ്ഡിക 3.1(Ii പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1. ബജറ്റ് പ്രസംഗം
2. ബജറ്റ് കുറിപ്പുകൾ (Annexure - 6)
3. പെർഫോമൻസ് ബജറ്റ് (Annexure - 10)

ബജറ്റ് കുറിപ്പുകൾ (Annexure – 6), പെർഫോമൻസ് ബജറ്റ് (Annexure - 10) എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ബി) 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാ

തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുമുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട് (മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ, പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4]. ബജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

സി) 02.12.2016ലെ ജി.ഒ(ആർ.റ്റി)നം. 3291/16/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരമുള്ള മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതുമാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ച് സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. മേൽ നടപടി ക്രമങ്ങൾ പാലിച്ചത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/തീ.18.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-2 ബജറ്റ്

ഇനം	ബജറ്റ്	പുതുക്കിയ ബജറ്റ്
പാസ്സാക്കിയ തീയതി	13.02.24	21.03.25
തീരുമാനം	1	II(2)
മുന്നിരിപ്പ്	₹2,88,99,531	₹6,40,04,800
വരവ്	₹53,15,02,320	₹1,01,89,17,422
ആകെ	₹56,04,01,851	₹10,18,29,22,222
ചെലവ്	₹55,75,00,000	₹1,07,69,52,414
നീക്കിയിരിപ്പ്	₹29,01,851	₹59,69,808

1-3 സാമ്പത്തിക വിശകലനം

(രസീത് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	₹3,54,15,405/-
ഓഡിറ്റ് വർഷത്തെ വരവ്	₹9,27,90,981/-
ആകെ	₹12,82,06,386/-
ഓഡിറ്റ് വർഷത്തെ ചെലവ്	₹8,19,31,068/-
നീക്കിയിരിപ്പ്	₹4,62,75,318/-

1-4-1 ഗ്രാന്റ് വിനിയോഗം - അപാകതകൾ

1) A) ഗ്രാമപഞ്ചായത്തിലെ 2024-25 വർഷത്തെ മേഖല അടിസ്ഥാനത്തിലെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

മേഖല	വിഭാഗം	അടങ്കൽ (രൂ.)	ചെലവ് (രൂ.)	ചെലവ് (%)
ഉല്പാദനം	പൊതുവിഭാഗം	1,38,50,381	96,87,383	69.94
	പട്ടിക ജാതി	3,15,000	1,80,000	57.14
	പട്ടികവർഗ്ഗം	1,80,000	1,20,000	66.67
സേവനം	പൊതുവിഭാഗം	19,63,79,243	5,78,76,323	29.47
	പട്ടിക ജാതി	1,88,89,286	74,28,773	39.33
	പട്ടികവർഗ്ഗം	3,54,515	1,88,183	53.08
പശ്ചാത്തലം	പൊതുവിഭാഗം	3,73,29,114	2,05,78,703	55.13

	പട്ടികജാതി	18,98,370	0	0

സേവന മേഖലയിൽ പൊതുവിഭാഗം, പട്ടിക ജാതി വിഭാഗങ്ങൾക്കും വകയിരുത്തിയ തുക ഭാഗികമായി പോലും ചെലവഴിച്ചിട്ടില്ല. പട്ടികജാതി വിഭാഗത്തിന് പശ്ചാത്തലമേഖലയിൽ വകയിരുത്തിയ തുക ചെലവഴിച്ചിട്ടില്ല.

B) സ.ഉ(കൈ)നം.11/2018/Lsgd., Dated 29.01.2018 ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്ത് ശതമാനം വനിത ഘടക പദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. എന്നാൽ വിവിധ വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണമായും ചെലവഴിച്ചതായി കാണുന്നില്ല വിശദാംശം ചുവടെ ചേർക്കുന്നു.

വിഭാഗം	അടങ്കൽ തുക (രൂ)	ചെലവഴിച്ച തുക (രൂ)	ചെലവ് ശതമാനം
വനിത ഘടക പദ്ധതി	51,71,786	23,07,318	44.61%
കുട്ടികൾ	30,01,900	22,63,250	75.39%
ഭിന്നശേഷിയുള്ളവർ	8,25,000	2,62,400	31.81%
അതിദരിദ്രർക്കുള്ള മൈക്രോപ്ലാനുകൾ	13,91,750	9,29,675	66.8%

വിവിധ ഘടക പദ്ധതികൾക്ക് സർക്കാർ നിർദേശാനുസരണം തുക വകയിരുത്തി അംഗീകാരം ലഭിക്കുന്നുവെങ്കിലും, യഥാസമയം ഗുണഭോക്താക്കൾ പദ്ധതികൾക്ക് വേണ്ടിയുള്ള രേഖകൾ ഹാജരാക്കാത്തതിനാലും ഗുണഭോക്തൃവിഹിതം ആവശ്യമായ പദ്ധതികളിൽ ആയത് അടവാക്കാൻ ആനുകൂല്യം കൈപ്പറ്റുന്നതിന് വിമുഖത കാണുന്നതിനാലും ടി ഘടക പദ്ധതികളിൽ തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുന്നുണ്ടെന്നും വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ നടപടികൾ തുടർ വർഷങ്ങളിൽ സ്വീകരിക്കുന്നതാണെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8 തീ.17.12.2025) മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

2) പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2020-21 സാമ്പത്തിക വർഷം അനുവദിച്ചതിൽ ചെലവഴിക്കാതെ അവശേഷിച്ച ടൈഡ്, ബേസിക് ഗ്രാന്റിനത്തിലെ തുകകൾ 2021-22, 2022-23 വർഷങ്ങളിൽ റീഅലൊക്കേറ്റ് ചെയ്തതിലും ചെലവഴിക്കാതെ അവശേഷിച്ചതിനെ തുടർന്ന് 2024-25 സാമ്പത്തിക വർഷം പൂർണ്ണമായും ചെലവഴിക്കേണ്ടതാണെന്ന നിർദ്ദേശത്തോടുകൂടി വിവിധ ഉത്തരവുകൾ പ്രകാരം അലോട്ട് ചെയ്തിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഉത്തരവ് നം.	ഫണ്ട്	അലോട്ട് ചെയ്ത തുക (രൂ)
4802/2024/ധന തീയതി 18/06/2024	സി.എഫ്.സി. - ടൈഡ്	12,16,989/-
4802/2024/ധന തീയതി 18/06/2024	സി.എഫ്.സി. - ബേസിക്	2,25,538/-
2075/2025/ധന തീയതി 04.03.2025	സി.എഫ്.സി. - ടൈഡ്	12,16,989/-
2075/2025/ധന തീയതി 04.03.2025	സി.എഫ്.സി. - ബേസിക്	2,25,537/-

മേൽ തുകകൾ സ്പിൽ ഓവർ വർക്കുകൾക്കായി ഉപയോഗിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത തുകകൾ ഏതൊക്കെ പ്രോജക്ടുകൾക്കായാണ് വിനിയോഗിച്ചതെന്നും തുകകളുടെ വിനിയോഗ വിവരവും, തുക പൂർണ്ണമായും ചെലവഴിക്കപ്പെട്ടോ എന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

3) പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച Grants/ Contributions തുകകൾ 2024-25 സാമ്പത്തിക വർഷം ചെലവഴിച്ചിട്ടില്ല. 2023-24 സാമ്പത്തിക വർഷം നീക്കിയിരിപ്പായി അവശേഷിച്ച അതേ തുക തന്നെയാണ് 2024-25 വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലും ഉൾപ്പെട്ടിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ് കോഡ്	ഇനം	B-4 ഷെഡ്യൂൾ പ്രകാരമുള്ള തുക (രൂ)
320100105	Awards And Honours – Central Government	5,00,000/-
320100181	Total Sanitation Campaign	5,819/-
320200207	Fund For Transferred Institutions – Ayurveda - Capital	1,897/-
320200303	Grants, Funds & Contributions For Specific Purposes - Other Than Development Fund And State Sponsored Scheme Funds - Stadiums And Play Grounds	73,856/-
312110001	Beneficiary Contribution (Utilised)	68,93,303/-

മേൽ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നും, അവ ചെലവഴിക്കാത്തതിന്റെ കാരണവും ഏത് അക്കൗണ്ടിലാണ് നിലനിർത്തിയിട്ടുള്ളതെന്നത് സംബന്ധിച്ച വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

2022-23 കാലയളവിന് മുമ്പായി ലഭ്യമായിട്ടുള്ള ഫണ്ടുകളാണെന്ന് ILGMS പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സാംഖ്യ സോഫ്ട്വെയറിന്റെ സാങ്കേതിക തകരാർ കാരണം ആയത് കണ്ടെത്താൻ സാധിക്കുന്നില്ലായെന്നും ആയത് പരിഹരിക്കുന്നതിനായി ഐ.കെ.എം.-ന് പരാത നൽകിയിട്ടുണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് (നം.8/തീ.17.12.2025) മറുപട ലഭ്യമാക്കിയിരിക്കുന്നത്.

4) സംയുക്ത പ്രോജക്ടുകൾക്ക് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകളിൽ നിന്നും മുൻവർഷങ്ങളിൽ ലഭിച്ച താഴെപ്പറയുന്ന തുകകൾ 2024-25 വർഷത്തിൽ ചെലവഴിക്കുകയോ തിരികെ ഒടുക്കുകയോ ചെയ്തിട്ടില്ല.

ക്രമ നം.	കോഡ്	തദ്ദേശ സ്ഥാപനം	തുക (രൂ.)
1	320700104	ബ്ലോക്ക്പഞ്ചായത്ത് (Capital Expenditure)	11,94,341/-
2	320700204	ബ്ലോക്ക്പഞ്ചായത്ത് (Revenue Expenditure)	5,47,154/-
3	320700205	ജില്ലാപഞ്ചായത്ത് (Revenue Expenditure)	5,54,661/-
4	320700304	ബ്ലോക്ക്പഞ്ചായത്ത് (Capital Expenditure)	12,01,967/-

2024-25 വാർഷിക ധനകാര്യ പത്രിക ബി-4 ഷെഡ്യൂൾ പ്രകാരവും മേൽ തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു. പ്രസ്തുത തുകകൾ ഏത് ആവശ്യത്തിന് ലഭ്യമായതാണെന്ന് അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8/തീ.17.12.2025) സംയുക്ത പദ്ധതികളിൽ ജില്ല, ബ്ലോക്ക്പഞ്ചായത്ത് വിഹിതങ്ങൾ നേരിട്ട് ഗുണഭോക്താക്കൾക്കാണ് ലഭ്യമാകുന്നതെന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിൽ ചെലവഴിക്കാത്ത തുകയാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്.

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
വികസനഫണ്ട് (ജനറൽ)	0	2,68,53,731	3,28,80,035	(-)60,26,304
വികസനഫണ്ട് (എസ്. സി. പി.)	0	69,54,684	66,31,773	3,22,911
വികസനഫണ്ട് (ടി. എസ്. പി.)	0	3,17,485	3,08,183	9,302
മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്)	0	1,52,77,000	1,30,78,410	21,98,590
മെയിന്റൻസ് ഗ്രാന്റ് (റോഡ്)	0	1,61,52,000	1,34,30,905	27,21,095
ധനകാര്യകമ്മീഷൻ ഗ്രാന്റ് (Tied)	0	1,56,66,978	47,52,657	1,09,14,321
ധനകാര്യകമ്മീഷൻ ഗ്രാന്റ് (UnTied)	0	63,02,701	53,06,887	9,95,814
സംസ്ഥാനാവിഷ്കൃത ഫണ്ട്	0	0	7,00,000	(-)7,00,000
കേന്ദ്രാവിഷ്കൃത ഫണ്ട്	0	0	28,30,640	(-)28,30,640

1) ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി) എന്നീ ഫണ്ടുകളുടെ Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള തുകകളും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള തുകകളുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ) ൽ വരവിനേക്കാൾ കൂടുതൽ ചെലവും നീക്കിയിരിപ്പായി നെഗറ്റീവ് തുകകളും കാണപ്പെടുന്നുണ്ട്.

2) വാർഷിക ധനകാര്യ പത്രികയിൽ കേന്ദ്രാവിഷ്കൃത ഫണ്ടുകളുടെ (സി.എസ്.എസ്), മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടുന്നുണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പ്രസ്തുത ഫണ്ടുകളുടെ മുന്നിരിപ്പ്, വരവ് തുകകൾ ഉൾപ്പെടാതെ ചെലവ് തുകകൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (സി.എഫ്.സി. - Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ആയത് ഉൾപ്പെട്ടിട്ടില്ല.

മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി ആസൂത്രണം

1) 2024-25 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

(എ)

നിർവ്വഹണ ഉദ്യോഗസ്ഥർ	ആകെ ഏറ്റെടുത്ത	നടപ്പിലാ	നടപ്പിലാ	ആകെ പദ്ധതി	ആകെ പദ്ധതി	ചെലവ് ശതമാനം

	പദ്ധതികൾ	ക്കിയവ	ക്കാത്തവ	അടങ്കൽ (രൂ.) (ഗു.വി. ഒഴികെ)	ചെലവ് (രൂ.)	
കൃഷി ഓഫീസർ	23	20	3	40,67,096	36,28,573	89.22
വെറ്ററിനറി സർജൻ	14	11	3	50,80,000	24,46,418	48.16
മെഡിക്കൽ ഓഫീസർ – പി.എച്ച്.സി	23	18	5	87,97,966	67,55,266	76.78
മെഡിക്കൽ ഓഫീസർ - ഹോമിയോ	5	4	1	4,59,157	3,85,909	84.05
മെഡിക്കൽ ഓഫീസർ – ആയുർവേദം	7	7	0	20,33,260	20,32,560	99.97
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	41	27	14	13,45,95,580	1,84,00,655	13.67
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	29	17	12	1,22,40,720	95,15,922	77.74
സെക്രട്ടറി	53	36	17	2,16,82,663	1,74,40,652	80.44
ഹെഡ്മാസ്റ്റർ	16	15	1	48,81,028	40,49,456	82.96
അസിസ്റ്റന്റ് എൻജിനീയർ	94	57	37	5,24,76,237	2,30,89,903	44
ഡയറി ഫാം ഇൻസ്ട്രക്ടർ	4	4	0	40,55,487	38,63,169	95
അസി. സെക്രട്ടറി	40	24	16	97,55,615	43,94,882	45.05
ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ	1	1	0	56,000	56,000	100

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

ഫണ്ട്	വകയിരുത്തിയ തുക (രൂ)	ചെലവ് തുക (രൂ)	ശതമാനം
പൊതുവിഭാഗം (ജനറൽ)	3,94,51,289	3,28,80,035	83.34
എസ്.സി.പി.	96,30,420	66,31,773	68.86
ടി.എസ്.പി.	4,11,000	3,08,183	74.98
ധനകാര്യ കമ്മിഷൻ അവാർഡ്	2,23,16,006	1,00,59,544	45.08
കേന്ദ്രാവിഷ്കൃത ഫണ്ട്	1,09,62,416	28,30,640	25.82
സംസ്ഥാനാവിഷ്കൃത ഫണ്ട്	5,41,50,000	7,00,000	1.29
തനത് ഫണ്ട്	2,91,86,642	96,73,144	33.14
മറ്റ് ബ്ലോക്ക്പഞ്ചായത്ത്	2,64,51,388	25,69,638	9.71
മറ്റ് ജില്ലാപഞ്ചായത്ത്	2,72,89,315	31,44,601	11.52
മെയിന്റനൻസ് റോഡ്	1,66,85,000	1,34,30,905	80.5
മെയിന്റനൻസ് നോൺ റോഡ്	1,67,53,333	1,30,78,410	78.06
മറ്റുള്ളവ	13,62,27,204	63,07,459	4.63
ആകെ	39,64,08,013	10,23,66,824	25.82

2) പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

ആകെ ഏറ്റെടുത്ത പദ്ധതികൾ	നടപ്പിലാക്കിയവ	നടപ്പിലാക്കാത്തവ	ആകെ പദ്ധതി അടങ്കൽ (രൂ) (മറ്റുള്ളവ ഒഴിവാക്കി)	ആകെ പദ്ധതി ചെലവ് (രൂ.)	ചെലവ് ശതമാനം
350	257	93	26,01,80,809/-	9,60,59,365/-	36.92

1-6 ക്ഷേമ പദ്ധതികൾ

ക്രമ നം.	ക്ഷേമ പദ്ധതികളുടെ പേര്	ചെലവഴിച്ച തുക (രൂ.)	ഗുണഭോക്താക്കളുടെ എണ്ണം
1	കർഷക തൊഴിലാളി പെൻഷൻ	29,42,000	160
2	വിധവ പെൻഷൻ	2,76,48,300	2011
3	വാർദ്ധക്യകാല പെൻഷൻ	6,57,22,700	4846
4	വികലാംഗ പെൻഷൻ	1,02,07,000	534

5	50 വയസ്സിന്മേൽ പ്രായമുള്ള അവിവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	9,84,400	63
6	വിവാഹ ധന സഹായം	2,10,000	7

1-7 ക്യാഷ് ബാലൻസ്

പൂവച്ചൽ ഗ്രാമപ്പഞ്ചായത്തിന്റെ 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് ഭൗതിക പരിശോധന 17.12.2025 തീയതി 11.40 Am-ന് ഉത്തരവാദപ്പെട്ട ജീവനക്കാരന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയുടെ കൃത്യത ബോധ്യപ്പെട്ടു. ക്യാഷ് ബാലൻസിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

ഡേ ബുക്ക് പ്രകാരം നീക്കിയിരിപ്പ്	ഭൗതികപരിശോധനയിൽ കണ്ട നീക്കിയിരിപ്പ്
രൂ.12,577/-	രൂ.12,577/-

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവ് മുഖേന എല്ലാ ജീവനക്കാർക്കും ജോലി വിഭജനം നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സ്റ്റാഫ് മീറ്റിംഗ് കൃത്യമായ ഇടവേളകളിൽ കൂടുകയും ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. സ്ഥാപനത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ എല്ലാം തന്നെ ശരിയായ വിധം രേഖപ്പെടുത്തൽ വരുത്തി സൂക്ഷിക്കുന്നുണ്ട്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പിനും, പദ്ധതി രൂപീകരണത്തിനുമായി തൻവർഷം രണ്ട് ഗ്രാമസഭകളാണ് കൂടിയിട്ടുള്ളത്. കൂടാതെ ഒരു പ്രാവശ്യം സ്പെഷ്യൽ ഗ്രാമസഭയും കൂടിയിട്ടുണ്ട്. പഞ്ചായത്ത് നിയമം അനുശാസിക്കും പ്രകാരം ഗ്രാമസഭകൾ വിളിച്ചുകൂട്ടേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളെല്ലാം തൻവർഷം ഒരു പ്രാവശ്യം മാത്രമാണ് കൂടിയിട്ടുള്ളത്. സർക്കാരിലേക്ക് ഒടുക്കേണ്ട അംശാദായങ്ങളായ ഇൻകം ടാക്സ്, ജി.എസ്.ടി, പെൻഷൻ കോൺട്രിബ്യൂഷൻ, ക്ഷേമ നിധി വിഹിതം എന്നിവ യഥാസമയം ഒടുക്ക് വരുത്തേണ്ടതാണ്.

ആഭ്യന്തര നിയന്ത്രണം മെച്ചപ്പെടുത്തുന്നതിന് ചുവടെ പറയുന്ന അപാകതകൾ പരിഹരിക്കേണ്ടതാണ്.

തൻവർഷം കെട്ടിട നികുതി 77% മാത്രമാണ് പിരിച്ചെടുത്തിട്ടുള്ളത്. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ യഥാസമയം പിരിച്ചെടുക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിലെ കാലതാമസം ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

1-9-1 മെറ്റീരിയൽ കോസ്റ്റ് -ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല

2017-ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs – ന്റെ 13.09.2018- ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 – ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ഒടുക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾക്ക് മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ തുക അനുവദിച്ചപ്പോൾ ജി.എസ്.ടി സ്രോതസ്സിൽ കുറവ് ചെയ്തിട്ടില്ല. വിശദവിവരം ചുവടെ,

ക്രമ നമ്പർ	പ്രവർത്തിയുടെ കോഡ്	കരാറുകാരന്റെ പേര്	അനുവദിച്ച തുക (രൂ)	ടി.ഡി.എസ്. ഇനത്തിൽ ഈടാക്കേണ്ട തുക (രൂ)
1	RC/388219	ജ്ഞാനപ്രകാശ്	2,58,886/-	5,178/-
2	RC/390374	ജിനു	4,06,355/-	8,127/-
3	RC/399122	ജിനു	4,07,590/-	8,152/-
4	RC/GIS/34794	ശ്രീരാജ്.ആർ	4,01,613/-	8,032/-
5	RC/398019	മനോജ് കുമാർ. ജെ. എ	4,07,731/-	8,155/-
6	RC/390933	അനിൽ റോയ്	3,63,545/-	7,271/-

കരാറുകാരിൽ നിന്നും ടി.ഡി.എസ്. ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുകയും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളും ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 24/25 തീ.19.12.25) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും ടി.ഡി.എസ്. ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-9 തൊഴിലുറപ്പ് പദ്ധതി

വാർഷിക ധനകാര്യ പത്രിക പ്രകാരം

ഇനം	മുന്നിരിപ്പ് (രൂ.)	വരവ് (രൂ.)	ആകെ (രൂ.)	ചെലവ് (രൂ.)	നീക്കിയിരിപ്പ് (രൂ.)
ഭരണച്ചെലവുകൾ	11,139	25,51,826	25,62,965	42,21,424	514
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	11,63,57,000	11,63,57,000	11,63,57,000	0

MGNREGS മുന്നിരിപ്പ് തുകകൾ വാർഷികധനകാര്യ പത്രികയും ക്യാഷ്ബുക്കുമായ് പൊരുത്തപ്പെടുന്നില്ല. കൂടാതെ ചെലവുതുകയുടെ ലെഡ്ജർ പരിശോധിച്ചതിലും വ്യത്യാസം കാണുന്നു വിശദാംശങ്ങൾ ഖണ്ഡിക 1-1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	25.5.22 മുതൽ 29.5.22 വരെ	2/2022 മുതൽ 4/2022 വരെ	ഇല്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23.04.2021	2016	28.06.2021

1-11 ഭരണസമിതി യോഗമിനിട്സുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നില്ല

1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം) ചട്ടങ്ങൾ, ചട്ടം 26 പ്രകാരം ഭരണസമിതിയോഗം പാസാക്കുന്ന തീരുമാനങ്ങളും പ്രമേയങ്ങളും ഒരു രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറിയും പ്രസിഡന്റും ഒപ്പ് വച്ച് സെക്രട്ടറി വായിച്ച ശേഷം, യോഗം തീർന്നാലുടൻ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. അംഗീകരിച്ച തീരുമാനങ്ങളുടെയും പ്രമേയങ്ങളുടെയും പകർപ്പ് യോഗം കഴിഞ്ഞ് 48മണിക്കൂറിനകം എല്ലാ അംഗങ്ങൾക്കും സെക്രട്ടറി നൽകേണ്ടതാണ്. യോഗനടപടികുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 3 ദിവസത്തിനകം അദ്ധ്യക്ഷന്റെ അംഗീകാരത്തിന് നൽകേണ്ടതാണ്. ആയത് ലഭിച്ച് 24മണിക്കൂറിനകം പ്രസിഡന്റ് സെക്രട്ടറിയ്ക്ക് തിരിച്ച് നൽകേണ്ടതാണ്. അദ്ധ്യക്ഷൻ അംഗീകരിച്ചാൽ ഉടൻതന്നെ മിനിട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങി ആയതിന്റെ പകർപ്പ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ 2024-25 സാമ്പത്തിക വർഷത്തിൽ ഭരണതലത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച യോഗമിനിട്സുകൾ സമയബന്ധിതമായി പൂർത്തിയാക്കി പൊതുജനങ്ങളുടെ അറിവിലേയ്ക്ക് നൽകുന്നതിൽ പ്രസിഡന്റും സെക്രട്ടറിയും തങ്ങളുടെ ഭരണപരമായ ചുമതലകൾ നിർവഹിച്ചിട്ടില്ലായെന്ന് വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതി എടുത്ത ഭരണപരമായ തീരുമാനങ്ങൾ ചട്ടപ്രകാരം നിശ്ചിത സമയത്തിനകം സെക്രട്ടറിയും പ്രസിഡന്റും അംഗീകാരം നൽകുന്നില്ല ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

പഞ്ചായത്ത് കമ്മിറ്റി കൂടിയ തിയതി	മിനിട്സ് സെക്രട്ടറി അംഗീകരിച്ച തിയതി.	മിനിട്സ് പ്രസിഡന്റ് അംഗീകരിച്ച തിയതി.
6.4.24	19.7.24	19.7.24
30.4.24	18.7.24	18.7.24
25.5.24	22.7.24	22.7.24
19.6.24	1.9.24	1.9.24
29.7.24	3.9.24	3.9.24
23.8.24	26.9.24	26.9.24
26.9.24	13.11.24	13.11.24
7.1.25	12.3.25	12.3.25
27.3.25	24.4.25	24.4.25

മേൽ വിവരിച്ചതിൽ നിന്നും ഭരണസമിതി അംഗീകരിച്ച തീരുമാനങ്ങൾ മാസങ്ങൾ കഴിഞ്ഞാണ് സെക്രട്ടറിയും, പ്രസിഡന്റും അംഗീകരിച്ചതെന്ന് വ്യക്തമാകുന്നു. ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പൂർത്തീകരിച്ച് പ്രസിദ്ധപ്പെടുത്താത്തിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻകെയറി നമ്പർ 25/25 ന് മറുപടി ലഭ്യമാക്കിയില്ല.ചട്ടപ്രകാരമുള്ള കാലയളവിൽ മിനിട്സ് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-12 പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല

സാമ്പത്തിക വർഷാരംഭത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകെയറി നം

17/18-12-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കുലർ നം. ഡി.എ1/287/2022- തസ്വഭവ തീ. 17/04/2023 പ്രകാരം ടൂറിസം വികസന സാധ്യതയുള്ള പ്രദേശം കണ്ടെത്തി പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള ഡെസ്റ്റിനേഷൻ ചലഞ്ച്, ഉത്തരവാദിത്ത ടൂറിസം ഉൾപ്പെടെയുള്ള പദ്ധതികളുമായി സഹകരിച്ച് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ആവശ്യപ്പെട്ടതിനും മറുപടി ലഭ്യമാക്കിയിട്ടില്ല. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ക്രിയാത്മകമായ ഇടപെടൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതായുണ്ട്. ഇതോടൊപ്പം ഗ്രാമ പഞ്ചായത്തിന് മുൻപ് വരുമാനം ലഭിച്ചിരുന്നതും നിലവിൽ പ്രവർത്തിക്കാത്തതുമായ ആസ്തികളെ (കംഫർട്ട് സ്റ്റേഷനുകൾ ഓഡിറ്റോറിയങ്ങൾ / കല്ല്യാണ മണ്ഡപങ്ങൾ/ കമ്മ്യൂണിറ്റി ഹാളുകൾ, ക്രിമറ്റോറിയങ്ങൾ ജിംനേഷ്യങ്ങൾ, ആമ്പുലൻസുകൾ, കാർഷിക യന്ത്രോപകരണങ്ങൾ മുതലായവ പ്രവർത്തനക്ഷമമാക്കി വരുമാന വർദ്ധനവ് ഉറപ്പ് വരുത്തേണ്ടതുമാണ്.

1-13 നികുതി - നികുതിയേതര വരുമാനമായ 49,10,052/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു

വാർഷിക ധനകാര്യ പത്രിക പ്രകാരം 49,10,052/- രൂപ നികുതി നികുതിയേതര വരുമാനമായ് പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

ഹെഡ്	തുക (രൂ)
431100101 Receivables For Property Tax On Residential Buildings(Current)	5,74,526
431100102 Receivables For Property Tax On Residential Buildings (Arrears)	3,90,562
431100103 Receivables For Property Tax On Non-Residential Buildings (Current)	4,84,586
431100104 Receivables For Property Tax On Non-Residential Buildings (Arrears)	6,13,957
431400101 Rent Receivables From Buildings(Current)	4,52,470
431400102 Rent Receivables From Buildings(Arrears)	17,64,511
431400106 Receivables Towards Market Receipts(Arrears)	4,54,840
431400112 Receivables Towards Public Comfort Stations Receipts(Arrears)	1,74,600
ആകെ	49,10,052

2025 മാർച്ച് 31 പ്രകാരം ബാലൻസ്ഷീറ്റിൽ കുടിശ്ശികയായി അവശേഷിക്കുന്ന 49,10,052/- രൂപയിൽ തനത് സാമ്പത്തിക വർഷം തുക പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നം. 17/18-12-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സ.ഉ.(കൈ)നം.117/2022/LSGD, തീ. 01-06-2022 പ്രകാരം കുടിശ്ശികയും അത് ഏത് കാലയളവിലെ കുടിശ്ശികയുമാണെന്നും സൂചിപ്പിക്കുന്ന ഒരു രജിസ്റ്റർ പരിപാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് ഇത്തരത്തിൽ തയ്യാറാക്കിയ അരിയർ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് എൻകയറി നം. 17). കേരള പഞ്ചായത്ത് രാജ് ആക്ട്, 1994 ലെ വകുപ്പ് 243 പ്രകാരം കുടിശ്ശികയായ് തീരേണ്ട തീയതി മുതൽ 3 വർഷത്തിനുള്ളിൽ ഈടാക്കൽ നടപടികൾ സ്വീകരിക്കാത്ത കുടിശ്ശികകൾ കാലഹരണപ്പെടുന്നതാണെന്നതിനാൽ ഇത് സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിലേക്കായി അരിയർ ഇനത്തിൽ പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക ഏതൊക്കെ സാമ്പത്തിക വർഷത്തെ തുകകളാണെന്ന വിവരം വർഷം തിരിച്ച് പട്ടികയായി ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 17/18-12-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന മുഴുവൻ തുകയും അടിയന്തിരമായി പിരിച്ചെടുത്ത് തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-14 രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിലെ വിവിധ രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. വരവ് രജിസ്റ്ററുകളിൽ വർഷാന്ത്യത്തിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. (ഉദാ. തൊഴിൽ നികുതി രജിസ്റ്റർ, വാടക രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ തുടങ്ങിയവ). വരവിനങ്ങളുടെ ലഡ്ജർ ബാലൻസുകളും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തിയിട്ടുമില്ല. ആയതിന്റെ കാരണം ഓഡിറ്റ് എൻകയറി നം. 26/16-10-2025 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രജിസ്റ്ററുകളിൽ കൃത്യമായ ഡി.സി.ബി സ്റ്റേറ്റ്മെന്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും ലഡ്ജർ ബാലൻസും വരവ് രജിസ്റ്ററുകളുമായ് പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തേണ്ടതുമാണ്.

2024-25 വർഷത്തെ ലേല രജിസ്റ്റർ (ഓഡിറ്റ് എൻകയറി നം. 17/18-12-2025), വാർഡ് തലത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് (ഓഡിറ്റ് എൻകയറി നം. 26/16-10-2025) തുടങ്ങിയ രജിസ്റ്ററുകൾ ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ കൃത്യമായി പരിപാലിക്കുന്നതിന് വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

1-15 വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയിട്ടില്ല

2024-25 വർഷത്ത വാടക രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന കടമുറികൾ വാടകയ്ക്ക് എടുത്തിട്ടുള്ള വ്യക്തികളിൽ നിന്നും വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കിയിട്ടില്ല എന്നു കാണുന്നു.

റൂം നമ്പർ	വാടകക്കാരന്റെ പേര്	പ്രതിമാസ വാടക	കുടിശ്ശിക	കുടിശ്ശിക വരുത്തിയിട്ടുള്ള മാസങ്ങൾ
കാട്ടാക്കട				
11	സുഹറാ ബീവി	1,660	19,920	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
19	ജയചന്ദ്രൻ	4,746	23,730	2024 നവംബർ മുതൽ 2025 മാർച്ച് വരെ
20	ജോൺസ്	3,166	37,992	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
21	മണിച്ചി	3,254	39,048	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
22	അനിൽ കുമാർ	2,799	11,196	2024 ഡിസംബർ മുതൽ 2025 മാർച്ച് വരെ
24	രാധ	2,733	32,796	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
26	ഷീജ	3,254	39,048	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
27	ബാബു	3,995	47,940	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
33	മോഹനകുമാരി	3,230	25,840	2024 ആഗസ്റ്റ് മുതൽ 2025 മാർച്ച് വരെ
34	മോഹനകുമാരി	4,798	57,576	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
35	ലാലു ആർ	5,344	64,128	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
36	(ലഭ്യമല്ല)	4,520	54,240	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
പട്ടകുളം				
4	കൃഷ്ണൻകുട്ടി	1,100	6,600	2024 ഒക്ടോബർ മുതൽ 2025 മാർച്ച് വരെ
8	ജിജു	2,601	31,212	2024 ഏപ്രിൽ മുതൽ 2025 മാർച്ച് വരെ
			4,91,266	

കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളിൽ നിന്നും വാടക തുക പൂർണ്ണമായും ഈടാക്കാത്തതിന്റെ കാരണം ഓഡിറ്റ് എൻകയറി നം. 18/18-12-2025 വഴി അന്വേഷിച്ചതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക പൂർണ്ണമായും ഈടാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല

1. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204 പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിലെ അഭിഭാഷകർ സ്വകാര്യ ഡോക്ടർമാർ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സുപ്പർവൈസർമാർ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണമായ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിയ്ക്കുകയോ ഇത്തരം ആൾക്കാരിൽ നിന്നും തൊഴിൽ നികുത് പൂർണ്ണമായും പിരിച്ചെടുക്കുകയോ ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം 19/18-12-2025 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് അടിയന്തിരമായി തയ്യാറാക്കി നികുതി ഒടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി കൃത്യമായി ഈടാക്കി നികുത് ചോർച്ച ഒഴിവാക്കേണ്ടതാണ്

2. തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ 2024-25 വർഷത്തെ തൊഴിൽ നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല.

ക്രമ നം.	രജിസ്റ്ററിലെ പേജ് നം.	സ്ഥാപനം	ആദ്യപാദ നികുതി	രണ്ടാം പാദ നികുതി
1	55	മാസ് എന്റർപ്രൈസ്	6,250/-	ഒടുക്കിയിട്ടില്ല
2	58	ഉർസുലിൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ	6,630/-	ഒടുക്കിയിട്ടില്ല.
3	65	വി.ഇ.ഒ ഓഫീസ് പൂവച്ചൽ	2,500/-	ഒടുക്കിയിട്ടില്ല
4	85	എൻ.ആർ.ഇ.ജി.എസ്	ഒടുക്കിയിട്ടില്ല	7,000/- (രസീത് നം. ചേർത്തിട്ടില്ല)
5	87	താലൂക്ക് സപ്ലൈ ഓഫീസ്	ഒടുക്കിയിട്ടില്ല	18,250/- (രസീത് നം. ചേർത്തിട്ടില്ല)
6	90	സെന്റ് ആൽബർട്ട് എൽ.പി.എസ് മുതിയാവിള	ഒടുക്കിയിട്ടില്ല	2,500/-
7	91	പങ്കജ കസ്തൂരി ഹെർബൽസ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്	ഒടുക്കിയിട്ടില്ല	2,73,710/-
8	92	ദേവസ്വം ബോർഡ്	ഒടുക്കിയിട്ടില്ല	5,700/-

നിയമ പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കാത്തിന്റെ കാരണം അറിയിക്കാനും നികുതി ഈടാക്കിയിട്ടുള്ള പക്ഷം ആയത് തൊഴിൽ നികുതി രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം അറിയിക്കാനും ഓഡിറ്റ് എൻകയറി നം. 19/18-12-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

3. തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി ഒടുക്കിയിട്ടില്ല എന്നു കാണുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	രജിസ്റ്ററിലെ പേജ് നം.	ഒന്നാം പാദ നികുതി	രണ്ടാം പാദ നികുതി
1	മിനി മുത്തൂറ്റ് നിധി കേരള ലിമിറ്റഡ്	7	1,250/-	ഒടുക്കിയിട്ടില്ല
2	MIG കേരള പ്രോജക്ട് കാട്ടാക്കട	11	1,250/-	ഒടുക്കിയിട്ടില്ല
3	ഇൻസ്റ്റാകാർട്ട് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ്	13	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
4	ശ്രീ ഗോകുലം ചിറ്റ്സ്& ഫിനാൻസ് കമ്പനി കള്ളിക്കാട്	20	ഒടുക്കിയിട്ടില്ല	1,250/-
5	സെൻട്രൽ ബസാർ ഇന്ത്യാ ലിമിറ്റഡ് മാർജിൻ ഫ്രീ സൂപ്പർ മാർക്കറ്റ്	22	1,250/-	ഒടുക്കിയിട്ടില്ല
6	സപ്ലൈക്കോ മാവേലി സ്റ്റോർ പന്നിയോട്	28	1,250/-	ഒടുക്കിയിട്ടില്ല
7	മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ്	53	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
8	മാസ് എന്റർപ്രൈസസ്	55	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
9	ഡി ഡി ആർ സി കാട്ടാക്കട	62	ഒടുക്കിയിട്ടില്ല	ഒടുക്കിയിട്ടില്ല
10	പങ്കജ കസ്തൂരി ഹെർബൽസ് ഇന്താ ലിമിറ്റഡ്	91	ഒടുക്കിയിട്ടില്ല	1,250/-

നിയമ പ്രകാരമുള്ള നികുതി ഈടാക്കാത്തിന്റെ കാരണം അറിയിക്കാനും നികുതി ഈടാക്കിയിട്ടുള്ള പക്ഷം ആയത് തൊഴിൽ നികുതി രജിസ്റ്ററിൽ ചേർക്കാത്തതിന്റെ കാരണം അറിയിക്കാനും ഓഡിറ്റ് എൻകയറി നം. 19/18-12-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപന നികുതി പൂർണ്ണമായും ഈടാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

1-17 ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഫീൽഡ് തല പരിശോധന നടത്തി ഉറപ്പ് വരുത്തിയിട്ടില്ല

സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ വാണിജ്യ കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കുംവിധമാണ്

ക്രമ നം.	കെട്ടിടത്തിന്റെ ഉപയോഗക്രമം	കെട്ടിടങ്ങളുടെ എണ്ണം

1	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	2332
2	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	136
3	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	4
4	വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സുപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ	18
5	വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ	9
6	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്ല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	14
	ആകെ	2513

2513 വാണിജ്യ കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടെന്നിരിക്കെ 505 സ്ഥാപനങ്ങൾക്കാണ് 2024-25 സാമ്പത്തിക വർഷത്തിൽ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് ഇല്ലാതെ വാണിജ്യ സ്ഥാപനങ്ങൾ (ലൈസൻസ് എടുക്കുന്നതിന് നിയമപരമായ ബാധ്യത ഇല്ലാത്ത സ്ഥാപനങ്ങൾ ഒഴികെ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തുന്നതിന് സ്ഥല പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകൃയറി നം. 26/16-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232, 233 എന്നിവ പ്രകാരം ലൈസൻസ് കൂടാതെ ഒരാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടുള്ളതല്ല. ഫീൽഡ് തല പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നത് ഉറപ്പ് വരുത്തേണ്ടതും അനധികൃതമായി പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-18 അനധികൃതമായി പ്രവർത്തിക്കുന്ന പന്നിഫാമുകൾക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കിയില്ല

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 (2) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെ അഞ്ചിൽ കൂടുതൽ മൃഗങ്ങളെ പന്നിഫാമുകളിൽ വളർത്താൻ പാടുള്ളതല്ല. ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടുള്ള വിവരാവകാശ അപേക്ഷകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ അനധികൃതമായി പ്രവർത്തിച്ചു വരുന്ന പന്നിഫാമുകൾക്കെതിരെ നൽകിയിട്ടുള്ള പരാതികളെ സംബന്ധിച്ച പരാമർശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിൽ നിലവിൽ അനധികൃതമായി പ്രവർത്തിക്കുന്ന പന്നിഫാമുകളുടെ എണ്ണവും അവയ്ക്ക് എതിരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാശംവും ലഭ്യമാക്കാൻ ഓഡിറ്റ് എൻകൃയറി നം. 26/16-10-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. സകർമ്മ മിനിട്ട്സ് പരിശോധിച്ചതിൽ 7-6-2024 ലെ അജണ്ട 1 തീരുമാനം നം. 4 ൽ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കരിയംകോട്, പൊന്നെടുത്തകുഴി വാർഡുകളിൽ നിയമാനുസൃത ലൈസൻസില്ലാതെ 20 ലേറെ പന്നിഫാമുകൾ പ്രവർത്തിക്കുന്നതായും ഇവ കാരണം മാലിന്യങ്ങൾ കുന്നുകൂടി പരിസരവാസികൾക്ക് പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുന്നതായും പന്നിഫാമുകളിൽ നിന്നുള്ള മാലിന്യം പരിസരപ്രദേശങ്ങളിലേക്ക് വ്യാപിക്കുന്നത് മൂലം ഉണ്ടാകുന്ന ദുർഗന്ധം കാരണം ജനജീവിതം പാടെ ദുസ്സഹാവസ്ഥയിലാണെന്നത് ആരോഗ്യ പ്രവർത്തകരുടെ റിപ്പോർട്ട് പ്രകാരം കമ്മറ്റിക്ക് ബോദ്ധ്യപ്പെട്ട സാഹചര്യത്തിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പന്നിഫാമുകൾ പ്രവർത്തിക്കുന്ന എല്ലാ അൺ ആതറൈസ്ഡ് കെട്ടിങ്ങളും പൊളിച്ചുമാറ്റുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതും 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈവ് സ്റ്റോക്ക് ഫാമുകളിൽ നേരിട്ട് പരിശോധന നടത്തി ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്ന പന്നിഫാമുകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

1-19 വസ്തു നികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ

I) സ.ഉ(കൈ)നം. 77/2023/LSGD, തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമപഞ്ചായത്തിലെ എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തിയ ഡിമാന്റ് നോട്ടീസ്, മേൽ ഉത്തരവ് പ്രകാരമുള്ള 9(എ) ഫോറത്തിൽ 31.03.2023-നകം കെട്ടിട ഉടമകൾക്ക് നൽകേണ്ടതുമാണ്.
2. ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവര ശേഖരണം 30.06.2023-നകം

പൂർത്തീകരിക്കേണ്ടതും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതുമാണ്.
3. വിവരണശേഖരണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിവരം സഞ്ചയ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തി ഡിമാന്റ് പരിഷ്ക്കരിക്കേണ്ടതാണ്.
4. കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്വെയറിൽ ചേർക്കുന്ന മുറയ്ക്ക് 10% കെട്ടിടങ്ങൾ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നേരിട്ട് പരിശോധന നടത്തേണ്ടതാണ്.
ഗ്രാമപഞ്ചായത്തിൽ മേൽ നിർദ്ദേശങ്ങൾ നടപ്പാക്കിയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 27/ 19-12-2025 വഴി ആവശ്യപ്പെട്ടെങ്കിലും മറുപടിയോ മറ്റ് രേഖകളോ ലഭ്യമാക്കിയിട്ടില്ല. കൃത്യമായ മറുപടിയുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കിയിട്ടുള്ളതായി ഓഡിറ്റ് വേറയിൽ ബോധ്യപ്പെട്ടിട്ടില്ല. സർക്കാർ നിർദ്ദേശിച്ച നികുതി പരിഷ്ക്കരണം കുറ്റമറ്റ രീതിയിൽ പൂർത്തീകരിക്കേണ്ടതും തുടർനടപടി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്

II) കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധന കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി-1, ജി-2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാൻ ഓഡിറ്റ് എൻകയറി നം. 27/19-12-2025 വഴി ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പോസ്റ്റ് ഒക്കുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതും നികുതി നഷ്ടം ഒഴിവാക്കേണ്ടതുമാണ്.

1-20 യു.പി.എസ് ബാറ്ററികൾ വാങ്ങിയതിന് കെൽട്രോണിന് അധിക തുക നൽകി - 16,520/- രൂപ തടസ്സപ്പെടുത്തുന്നു

പദ്ധതി നം.	382/25
പദ്ധതി	എഫ്.എച്ച്.സി ദൈനംദിന ചെലവുകൾ
അടങ്കൽ	2,75,000/- (മെയിന്റനൻസ് ഫണ്ട്, റോഡിതരം)
ചെലവ്	2,49,334/- (9,475/- ബിൽ നം. 268/15-10-2024, 1,09,150/- ബിൽ നം. 284/2-11-24, 13,119/- ബിൽ നം. 534/ 19-2-2025, 4,950/- ബിൽ നം. 553/27-02-2025, 1,12,640/- ബിൽ നം. 661/ 12-3-2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/ സി.എച്ച്.സി

വീരണകാവ് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഇ-ഹെൽത്ത് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി UPS ൽ ഉപയോഗിക്കുന്ന 10 ബാറ്ററികൾ മാറ്റി സ്ഥാപിക്കുന്നതിന് മേൽ പദ്ധതി വഴി 1,12,640/- രൂപ 6-2-2025 ലെ IIS/ 16523/24-25 നമ്പർ ഇൻവോയിസ് പ്രകാരം കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ കെൽട്രോണിൽ നിന്നും ലഭിച്ചിട്ടുള്ള പ്രഫോമ ഇൻവോയിസ് പ്രകാരം കെൽട്രോൺ തിരിച്ചുവാങ്ങുന്ന പഴയ ബാറ്ററികളുടെ തുക കൂടി ക്രമീകരിച്ച ശേഷം നൽകേണ്ടിയിരുന്ന തുക 96,120/- രൂപയാണ്. എന്നാൽ തിരികെ നല്കുന്ന ബാറ്ററികളുടെ വില ക്രമീകരിക്കാത്തത് മൂലം 16,520/- രൂപ അധികമായി നൽകിയിരിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

No.	Description	Rate/Unit	Quantity	Value	GST	Sub Total
1	12 V 120 AH SMF Battery	8800	10	88,000	24,640 (28%)	1,12,640
2	Buyback Rate For Old 120 AH SMF Battery	-1400	10	14,000	2,520 (18%)	-16,520
					Grand Total	96,120

ഇത് സംബന്ധിച്ച വിശദീകരണം ഓഡിറ്റ് എൻകയറി നം. 9/17-12-2025 വഴി അന്വേഷിച്ചതിന് അധികമായി നൽകിയ 16,520/- രൂപ റീഫണ്ട് ചെയ്യുന്നതിന് കെൽട്രോണിന് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം ടി തുക റീഫണ്ട് ചെയ്ത് നൽകാമെന്ന് അറിയിച്ചതായും മറുപടി നൽകി. റീഫണ്ട് തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുന്നതുവരെ അധികം നൽകിയ തുകയായ 16,520/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുക സർക്കാരിലേക്ക് ഒടുക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-21 വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ - പദ്ധതി വഴി വാങ്ങിയ മെൻസ്ട്രുവൽ കപ്പുകൾ നാളിതുവരെ വിതരണം ചെയ്തില്ല. 1,15,796/- രൂപ തടസ്സപ്പെട്ടുത്തുന്നു

പദ്ധതി നം.	168/25
പദ്ധതി	വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കൽ
അടങ്കൽ	1,15,796/- വികസന ഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം
ചെലവ്	1,15,796/- (ബിൽ നം. 660/ 12-03-2025)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി/ സി.എച്ച്.സി

പൂവച്ചൽ ഗ്രാമ പഞ്ചായത്തിലെ എല്ലാ വിഭാഗം വനിതകളുടെയും ആരോഗ്യവും ശുചിത്വവും ലക്ഷ്യമാക്കുന്നതിനോടൊപ്പം പ്ലാസ്റ്റിക് മാലിന്യം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. പദ്ധതിയ്ക്കായി വാങ്ങിയ 386 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായി 1,15,796/- രൂപ HLL ലൈഫ് കെയർ ലിമിറ്റഡിന് സ്ഥാപനം ലഭ്യമാക്കിയ 31-1-2025 ലെ 9423056274/51373 നമ്പർ ഇൻവോയിസ് പ്രകാരം കൈമാറിയിട്ടുണ്ട്. 13-2-2025 ലാണ് മെൻസ്ട്രുവൽ കപ്പുകൾ സ്റ്റോക്കിലെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ പദ്ധതിപ്രകാരം വാങ്ങിയിട്ടുള്ള മെൻസ്ട്രുവൽ കപ്പുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻകൃയറി നം. 9/17-12-2025 ന് ടി പദ്ധതി വഴി വാങ്ങിയിട്ടുള്ള മെൻസ്ട്രുവൽ കപ്പുകൾ നാളിതുവരെ വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്നും ആയത് എത്രയും പെട്ടെന്ന് തന്നെ വിതരണം ചെയ്യുന്നതാണെന്നും മറുപടി നൽകി. എന്നാൽ നാളിതുവരെ ഇവ വിതരണം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. മെൻസ്ട്രുവൽ കപ്പുകളുടെ വിതരണം പൂർത്തിയാക്കി പ്രസ്തുത വിവരം അനുബന്ധ രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. വിതരണം പൂർത്തിയാക്കുന്നതുവരെ 386 മെൻസ്ട്രുവൽ കപ്പുകളുടെ വിലയായ 1,15,796/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-22 തുടർ സാക്ഷരത പദ്ധതി - രേഖകൾ ലഭ്യമാക്കിയില്ല – 4,09,350/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

എ)

പ്രോജക്ട് നം.	SO0229/25
പദ്ധതിയുടെ പേര്	തുല്യത തുടർവിദ്യാഭ്യാസം 11-ാം തരം
അടങ്കൽ തുക	1,37,800/- (വികസന ഫണ്ട് - പൊതുവിഭാഗംസാധാരണ വിഹിതം)
ചെലവ് തുക	1,37,800/-
ബിൽ നം./തീയതി/ തുക	120/16.05.2024 – 1,37,800/-
നിർവ്വഹണ ഉദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്സ്, ഗവൺമെന്റ് എൽ.പി.എസ്.കാട്ടാക്കട

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 11-ാം തരം പഠിതാക്കളുടെ ഫീസ് അടയ്ക്കുന്നതിന് വേണ്ടിയാണ് ടി പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

ജില്ലാ സാക്ഷരതാ മിഷൻ (തിരുവനന്തപുരം) ജില്ലാ പ്രോജക്ട് കോ.ഓർഡിനേറ്ററുടെ 01.02.2024ലെ Proj./017/22/DLMT കത്ത് പ്രകാരം 24-25 വർഷം 11-ാം തരത്തിലെ 53 പഠിതാക്കളുടെ കോഴ്സ് ഫീസ് 2,600/- രൂപ (രജിസ്ട്രേഷൻ ഫീസ് - 100/-, അഡ്മിഷൻ ഫീസ് - 200/-, കോഴ്സ് ഫീസ് - 2300/-) നിരക്കിൽ 1,37,800/- രൂപ യൂക്കോ ബാങ്ക് തിരുവനന്തപുരം, അക്കൗണ്ട് നം.02880100113107-ൽ ഒടുക്കിയിട്ടുണ്ട്. പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെയും, കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.6/17.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 1,37,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബി)

പ്രോജക്ട് നം.	82/25
പദ്ധതിയുടെ പേര്	തുല്യത തുടർവിദ്യാഭ്യാസം 11-ാം തരം
അടങ്കൽ തുക	1,50,000/- (വികസന ഫണ്ട് - പൊതുവിഭാഗംസാധാരണ വിഹിതം) 1,50,000/- (തനത് ഫണ്ട്)

	3,00,000/-
ചെലവ് തുക	0 (വികസന ഫണ്ട് - പൊതുവിഭാഗംസാധാരണ വിഹിതം) 1,04,000/- (തനത് ഫണ്ട്)
ബിൽ നം./തീയതി/തുക	516/11.02.2025 – 1,04,000/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.എസ്.കാട്ടാക്കട

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 11-ാം തരം പഠിതാക്കളുടെ ഫീസ് അടയ്ക്കുന്നതിന് വേണ്ടിയാണ് ടി പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

ഈ പദ്ധതിയിലെ ചുവടെ പറയുന്ന ഗുണഭോക്താക്കൾ SO0229/25 എന്ന പദ്ധതിയിലും ഗുണഭോക്താക്കളായിട്ടുണ്ട്.

ക്രമ നം.	പേര്	പദ്ധതി 229/25 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള നം.	പദ്ധതി 82/25 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള നം.
1	സുധീഷ് ചന്ദ്രൻ.സി.എസ്., പന്നിക്കാമൂല പുത്തൻവീട്, പൂവച്ചൽ.പി.ഒ-യുടെ	485110/12/01/23	513446/12/01/24
2	ജസ്റ്റിൽ ഫ്ലോറിയ.എം., ഹോശന്ന ഭവൻ, ഇളംചിറ പന്നിയോട്.പി.ഒ.	466350/12/01/23	519579/12/01/25

ജില്ലാ സാക്ഷരതാ മിഷൻ (തിരുവനന്തപുരം) ജില്ലാ പ്രോജക്ട് കോ.ഓർഡിനേറ്ററുടെ 27.12.2024ലെ Proj./017/22/DLMT കത്ത് പ്രകാരം 24-25 വർഷം 11-ാം തരത്തിലെ 40 പഠിതാക്കളുടെ കോഴ്സ് ഫീസ് 2,600/- രൂപ (രജിസ്ട്രേഷൻ ഫീസ് - 100/-, അഡ്മിഷൻ ഫീസ് - 200/-, കോഴ്സ് ഫീസ് - 2300/-) നിരക്കിൽ 1,04,000/- രൂപ യൂക്കോ ബാങ്ക് തിരുവനന്തപുരം, അക്കൗണ്ട് നം.02880100113107-ൽ ഒടുക്കിയിട്ടുണ്ട്. പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെയും, കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും, മേൽ പറഞ്ഞിട്ടുള്ള രണ്ട് പഠിതാക്കൾ രണ്ട് പ്രോജക്ടിലും ഉൾപ്പെട്ടതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.6/17.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 1,04,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

സി)

പ്രോജക്ട് നം.	83/25
പദ്ധതിയുടെ പേര്	തുല്യത തുടർവിദ്യാഭ്യാസം 12-ാം തരം
അടങ്കൽ തുക	75,900/- (വികസന ഫണ്ട് - പൊതുവിഭാഗംസാധാരണ വിഹിതം)
ചെലവ് തുക	75,900/-
ബിൽ നം./തീയതി/തുക	650/11.03.2025 – 75,900/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.എസ്.കാട്ടാക്കട

ജില്ലാ സാക്ഷരതാ മിഷൻ (തിരുവനന്തപുരം) ജില്ലാ പ്രോജക്ട് കോ.ഓർഡിനേറ്ററുടെ Proj./017/22/DLMT കത്ത് പ്രകാരം 24-25 വർഷം 12-ാം തരത്തിലെ 33 പഠിതാക്കളുടെ കോഴ്സ് ഫീസ് 2300/- രൂപ (കോഴ്സ് ഫീസ് - 2,300/-) നിരക്കിൽ 75,900/- രൂപ യൂക്കോ ബാങ്ക് തിരുവനന്തപുരം, അക്കൗണ്ട് നം.02880100113107-ൽ ഒടുക്കിയിട്ടുണ്ട്. പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെയും, കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.6/17.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 75,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഡി)

പ്രോജക്ട് നം.	SOO230/25
പദ്ധതിയുടെ പേര്	10-ാം തരം തുല്യത
അടങ്കൽ തുക	68,250/- (വികസന ഫണ്ട് - പൊതുവിഭാഗംസാധാരണ വിഹിതം)
ചെലവ് തുക	68,250/-
ബിൽ നം./തീയതി/തുക	117/16.05.2024 – 68,250/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.എസ്. കാട്ടാക്കട

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 10-ാം തരം പഠിതാക്കളുടെ ഫീസ് അടയ്ക്കുന്നതിന് വേണ്ടിയാണ് ടി പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

ജില്ലാ സാക്ഷരതാ മിഷൻ (തിരുവനന്തപുരം) ജില്ലാ പ്രോജക്ട് കോ.ഓർഡിനേറ്ററുടെ 01.02.2024-ലെ Proj./017/22/DLMT കത്ത് പ്രകാരം 24-25 വർഷം 10-ാം തരത്തിലെ 35 പഠിതാക്കളുടെ കോഴ്സ് ഫീസ് 1,950/- രൂപ (രജിസ്ട്രേഷൻ ഫീസ് - 100/-, കോഴ്സ് ഫീസ് - 1,850/-) നിരക്കിൽ 68,250/- രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ശാസ്തമംഗലം തിരുവനന്തപുരം, അക്കൗണ്ട് നം.57026996123-ൽ ഒടുക്കിയിട്ടുണ്ട്. പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെയും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം. 6/17.12.2025) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പദ്ധതിയ്ക്കായി ചെലവഴിച്ച 68,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇ)

പ്രോജക്ട് നം.	84/25
പദ്ധതിയുടെ പേര്	10-ാം തരം തുല്യത
അടങ്കൽ തുക	70,000/- (വികസന ഫണ്ട് - പൊതുവിഭാഗംസാധാരണ വിഹിതം)
ചെലവ് തുക	62,400/-
ബിൽ നം./തീയതി/തുക	639/10.03.2025 – 62400/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.എസ്.കാട്ടാക്കട

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ 10-ാം തരം പഠിതാക്കളുടെ ഫീസ് അടയ്ക്കുന്നതിന് വേണ്ടിയാണ് ട പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്.

ജില്ലാ സാക്ഷരതാ മിഷൻ (തിരുവനന്തപുരം) ജില്ലാ പ്രോജക്ട് കോ.ഓർഡിനേറ്ററുടെ 27.12.2024-ലെ Proj./017/22/DLMT കത്ത് പ്രകാരം 24-25 വർഷം 10-ാം തരത്തിലെ 32 പഠിതാക്കളുടെ കോഴ്സ് ഫീസ് 1,950/- രൂപ (രജിസ്ട്രേഷൻ ഫീസ് - 100/-, കോഴ്സ് ഫീസ് - 1,850/-) നിരക്കിൽ 62,400/- രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ശാസ്തമംഗലം തിരുവനന്തപുരം, അക്കൗണ്ട് നം.57026996123-ൽ ഒടുക്കിയിട്ടുണ്ട്. പഠിതാക്കൾ ക്ലാസിൽ പങ്കെടുത്തതിന്റെയും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.6/17.12.2025) ലഭ്യമാക്കിയ മറുപടിയിൽ 20 പഠിതാക്കളുടെ ഹാജർ വിവരം ലഭ്യമാക്കിയിട്ടുണ്ട്. ശേഷിക്കുന്ന, ചുവടെ ചേർക്കുന്ന പഠിതാക്കളുടെ ഹാജർ വിവരം ലഭ്യമല്ല.

ക്രമ നം.	പേരും മേൽവിലാസവും	കോഴ്സ് ഫീസ് (രൂ)
1	ബിന്ദു.ജി.എസ്, ബിന്ദു ഭവൻ, പന്തടിക്കളം, പൂവച്ചൽ.പി.ഒ	1950/-
2	ലെനിൻ.ടി.എൽ, മണ്ണവിള, വെള്ളമാനൂർക്കോണം, പൂവച്ചൽ.പി.ഒ	1950/-
3	അനിക്കുട്ടൻ.എസ്, തേവൻകോട്, പൂവച്ചൽ.പി.ഒ	1950/-
4	ബിനിമോൾ.പി, അനുഭവൻ, മങ്കാരമല, വീരണകാവ്.പി.ഒ	1950/-
5	സതീഷ്.എസ്, സതീഷ് ഭവൻ, പനച്ചമൂട്, ഉറിയാക്കട്.പി.ഒ.	1950/-
6	സജീന.എസ്., സജീന മൻസിൽ, പേഴുംമൂട്, പൂവച്ചൽ.പി.ഒ	1950/-
7	ഷിബു.എ.ആർ, ചിറക്കുഴിപുത്തൻവീട്, കാട്ടാക്കട.	1950/-
8	കിരൺ.ജെ.കെ, ഉഷ ഭവൻ, തേവറക്കുഴി, പൂവച്ചൽ.പി.ഒ.	1950/-
9	സുജ.എസ്, വാറുവിളവീട്, കൊണ്ണിയൂർ, പൂവച്ചൽ.പി.ഒ.	1950/-
10	അസീന.എസ്, ബിസ്മി, ആലമുക്ക്, പൂവച്ചൽ.പി.ഒ.	1950/-
11	രാജേഷ്.ബി, രാജേഷ് ഭവൻ, ഒഴുകുപാറ, ഉറിയാക്കോട്.പി.ഒ	1950/-
12	സജികുമാർ.കെ.കെ., കരിഞ്ചരിവുവിള, മൂങ്ങോട്ടുകോണം, കാട്ടാക്കട.പി.ഒ	1950/-
	ആകെ തുക	23,400/-

ആയതിനാൽ ഹാജർ വിവരം ലഭ്യമാക്കാത്ത പഠിതാക്കൾക്കായി ചെലവഴിച്ച 23,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മേൽ പഠിതാക്കളുടെ ഹാജർ വിവരവും കോഴ്സ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരങ്ങളും ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-23 പ്രവേശനോത്സവം - പഠനകിറ്റ് - അപാകങ്ങൾ

പ്രോജക്ട് നം.	**77/25**
പദ്ധതിയുടെ പേര്	പ്രവേശനോത്സവം - പഠനകിറ്റ്
അടങ്കൽ തുക	2,00,000/- (തനത് ഫണ്ട്)
ചെലവ് തുക	1,89,000/-
ബിൽ നം./തീയതി/തുക	175/18.07.2024 – 1,34,000/- 176/18.07.2024 – 34,375/- 174/18.07.2024 – 20,625/-
നിർവ്വഹണ ഉദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവൺമെന്റ് എൽ.പി.എസ്.കാട്ടാക്കട

കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 2,00,000/- രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തിയാണ് പ്രസ്തുത പ്രോജക്ട് രൂപവത്കരിച്ചത്. ആയത് പ്രകാരം Two Fold Kids Umbrella 200 എണ്ണം 55,000/- രൂപ (ഇൻവോയിസ് നം.19/Date – തുക 34,375/- + ഇൻവോയിസ് നം.6/02.06.2024 – തുക – 20,625/-) ചെലവഴിച്ച് വാങ്ങിയതിന് കമ്മീഷൻ ക്ഷണിച്ചിതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമായിരുന്നില്ല. ആയത് ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.6/17.12.2025) നൽകിയ മറുപടിയിൽ പ്രവേശനോത്സവം-പഠനകിറ്റ് എന്ന പ്രോജക്ടിന്റെ ഭാഗമായി വർഷങ്ങളായി കുട വാങ്ങുന്നത് കുടുംബശ്രീ സംരംഭക യൂണിറ്റിൽ നിന്നാണെന്നും ആയതിനാൽ 2024-25 വർഷത്തിലും മേൽ സൂചിപ്പിച്ച യൂണിറ്റിൽ നിന്നുമാണ് കുടവാങ്ങിയിട്ടുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. 15,000/- രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് കമ്മീഷൻ ക്ഷണിക്കേണ്ടതാണ് (സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.6, 7.31). വരും വർഷങ്ങളിൽ കമ്മീഷൻ ക്ഷണിച്ച് വാങ്ങലുകൾ നടത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-24 ബഡ്സ്കൂൾ പ്രവർത്തനം അവലോകനം

ഗ്രാമപഞ്ചായത്തിലെ പുന്നാംകരിക്കകം എന്ന സ്ഥലത്ത് (വാർഡ് നം.23) 2019 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ച് വരുന്നു. 31.03.2025-ലെ കണക്ക് പ്രകാരം ബഡ്സ് സ്കൂളിൽ 39 ആൺകുട്ടികളും 24പെൺകുട്ടികളുമാണുള്ളത്. ഇതിൽ തീവ്രമായ വൈകല്യം (ഓട്ടിസം/സെറിബ്രൽ പാൾസി) ബാധിച്ച 17 കുട്ടികളുണ്ട്. സ്കൂളിന്റെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നം. 3/15.12.2025 -ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിലുള്ള അവലോകനം ചുവടെ ചേർക്കുന്നു.

സ്കൂളിന്റെ അംഗീകാരം

ബഡ്സ് സ്കൂളിന് സാമൂഹ്യ നീതി വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. (Certificate No.0434/2023/TVPM/SJD)

അടിസ്ഥാന സൗകര്യം

സ്കൂളിലേയ്ക്ക് റോഡ് സൗകര്യം ലഭ്യമാണ്. ബഡ്സ് സ്കൂളിന് സ്വന്തമായി വാഹനം ഇല്ല. കോൺട്രാക്ട് വാഹനമായ KL-01-BX2955 Innova-യാണ് സ്ഥാപനം ഉപയോഗിച്ചുവരുന്നത്. 30 വിദ്യാർത്ഥികൾ വാഹന സൗകര്യം ഉപയോഗിക്കുന്നുണ്ട്. വാഹനത്തിന്റെ സീറ്റിംഗ് കപ്പാസിറ്റി 10 ആണ്. ബഡ്സ് സ്കൂൾ കെട്ടിടത്തിന്റെ അകെ വിസ്തീർണം സ്കൂൾ - 2325 സ്കയർ ഫീറ്റാണ്. പഞ്ചായത്തിന്റെ 46 സെന്റ് സ്ഥലത്ത് സ്വന്തമായുള്ള കെട്ടിടത്തിലാണ് സ്ഥാപനം പ്രവർത്തിക്കുന്നത്. രണ്ട് ക്ലാസ്സ് മുറികൾ ഉണ്ട്. റാമ്പ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും (3 വീതം ആകെ 6 പ്രത്യേകം ടോയ്ലറ്റ് സൗകര്യം ഉണ്ട്.

(G.O(M.S).148/09/LSGD തീ.29.07.2009, G.O(M.S).20/2018/LSGD തീ.07.02.2018 പ്രകാരം ഓഫീസ് മുറി, സ്റ്റോർ റൂം, ഭക്ഷണമുറി, അടുക്കള, വിനോദമുറി, ഫിസിയോതെറാപ്പി മുറിഎന്നിവയുണ്ട്. ഒക്യൂപ്പേഷണൽ തെറാപ്പി, ഓഡിയോളജി മുറി, വൊക്കേഷണൽ പരിശീലനമുറി എന്നിവ ഇല്ല. ഫിസിയോ തെറാപ്പിസ്റ്റ് സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമല്ല. മെഡിക്കലാഫീസർ മാസത്തിലൊരിക്കൽ സ്കൂൾ സന്ദർശിക്കുന്നുണ്ട്. സന്ദർശന വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

യോഗങ്ങളുടെ വിവരം

2024-25 വർഷം 9 രക്ഷകർത്യ യോഗങ്ങളാണ് നടന്നത്.

അധ്യാപകരുടെ / ആയമാരുടെ വിവരം

31.03.2025 ലെ കണക്ക് പ്രകാരം രണ്ട് അധ്യാപികമാരും ഒരു ആയയുമാണുള്ളത്. നിലവിലുള്ള ഒരു ടീച്ചർക്ക് 20,000/- രൂപയും, രണ്ടാമത്തെ ടീച്ചർക്ക് 15,000/- രൂപയുമാണ് പ്രതിമാസ വേതനം വേതനം ആയക്ക് 11,000/- രൂപയും കുക്കിന് 10,500/- രൂപയുമാണ് പ്രതിമാസ വേതനം.

2024-25 ലെ അധ്യാപക വിദ്യാർത്ഥി അനുപാതം 1 : 8 ആണ്.

ഫണ്ടുകളുടെ വിവരം

2024-25 വർഷത്തിൽ ബഡ്സ് സ്കൂളിന് ലഭിച്ച ഫണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

2024-25 വർഷത്തിൽ ബഡ്സ് സ്കൂളിന് ലഭിച്ച ഫണ്ടുകളുടെ വിവരം				**2024-25 വർഷം ലഭിച്ച ആകെ വരവ്**
തനത് ഫണ്ട്/പ്ലാൻ ഫണ്ട്	**MLA/MP ഫണ്ട്**	**കുടുംബശ്രീ മുഖേന**	**സംഭാവന, മറ്റ് വരവുകൾ**	
തനത് ഫണ്ട് - 824397 പ്ലാൻ ഫണ്ട് - 247009 ആകെ - 10,71,406	Nil	4,46,175	Nil	15,17,581
സ്ഥാപനത്തിന്റ 2024-25 വർഷത്തെ ആകെ ചെലവ്				**15,17,581**

സ്ഥാപനത്തിന് തനത് ഫണ്ട്/പ്ലാൻ ഫണ്ട് കൂടാതെ മറ്റ് വരുമാന സ്രോതസ്സുകൾ സ്പോൺസർഷിപ്പ് മുഖാന്തിരം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

പൂവച്ചൽ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12.11.2024-ലെ IV(1) ലെ നമ്പർ തീരുമാനം പ്രകാരം ബഡ്സ് സ്ക്കൂളിലെ 2 ടീച്ചർമാരെയും കുക്കിനെയും താൽക്കാലികാടിസ്ഥാനത്തിലാണ് നിയമിച്ചിരിക്കുന്നത്. ആയയായ ശ്രീമതി അനിതയ്ക്ക് മാസത്തിൽ 11,000/- രൂപയാണ് വേതനം നൽകുന്നതെങ്കിലും സ്ക്കൂൾ ഗ്രാന്റ് വരുമ്പോൾ ബാക്കിതുകയായ 7390/-കൂടി ചേർത്ത് ശമ്പളം പൂർണ്ണമായി നൽകും എന്നാണ് മറുപടി നൽകിയിട്ടുള്ളത്.

ഓഡിയോളജി മുറി, ഒക്യൂപ്പേഷണൽ തെറാപ്പി, വൊക്കേഷണൽ പരിശീലനമുറി എന്നിവയ്ക്കായി പ്രത്യേകം സൗകര്യം ഒരുക്കേണ്ടതും ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനും വാഹന സൗകര്യം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-25 അങ്കണവാടികൾക്ക് മോട്ടോർ പമ്പ്, വാട്ടർടാങ്ക് വാങ്ങൽ - പദ്ധതി പ്രവർത്തനക്ഷമമാക്കിയില്ല

പ്രോജക്ട് നം.	**13/25**

പദ്ധതിയുടെ പേര്	**അങ്കണവാടികൾക്ക് മോട്ടോർ പമ്പ്, വാട്ടർടാങ്ക് എന്നിവ വാങ്ങൽ**
അടങ്കൽ തുക	2,50,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)
ചെലവ് തുക	1,87,200/-
ബിൽ നം./തീയതി/ തുക	673/13.03.2925 – 1,30,200/- 772/20.03.2025 – 57,000/-
നിർവ്വഹണ ഉദ്യോഗസ്ഥ	ഐ.സി.ഡി.എസ്.സൂപ്പർവൈസർ

പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ സ്വന്തം കെട്ടിടമുള്ള അങ്കണവാടികൾക്ക് മോട്ടോർ, വാട്ടർ ടാങ്ക് എന്നിവ വാങ്ങി നൽകുന്നതിന് 2,50,000/- രൂപ (മെയിന്റനൻസ് ഫണ്ട് – റോഡിതരം വകയിരുത്തിയതിൽ 1,87,200/-രൂപ ചെലവഴിച്ചാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. അംഗണവാടി.നം.86-കീഴ്വാണ്ട - സന്ദർശിച്ചതിൽ പമ്പ്സെറ്റ് റൂമിൽ സൂക്ഷിച്ചിരിക്കുന്നതായും വാട്ടർ ടാങ്ക് അംഗണവാടിക്ക് പുറത്തുള്ള കെട്ടിടത്തിൽ പഴക്കംചെന്ന നിലയിലും കാണപ്പെട്ടു.



മേൽ പ്രോജക്ട് പ്രകാരം വാങ്ങിയ 6 പമ്പ്സെറ്റ്, 14 വാട്ടർ ടാങ്ക് എന്നിവ എത്ര അംഗണവാടികളിൽ സ്ഥാപിച്ചിട്ടുണ്ട്, എത്ര അംഗണവാടികളിൽ സ്ഥാപിക്കാൻ അവശേഷിക്കുന്നുണ്ട് എന്നത് സംബന്ധിച്ച വിവരം അടിയന്തിരമായി ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.23/19.12.2025) കീഴ്വാണ്ടയിൽ ലഭ്യമാക്കിയ 1 പമ്പ് സെറ്റും 1 വാട്ടർടാങ്കും ഒഴികെ 5 പമ്പസെറ്റുകളും 13 വാട്ടർ ടാങ്കുകളും അംഗണവാടികളിൽ സ്ഥാപിച്ച് ഉപയോഗിച്ച് വരുന്നതായും കീഴ്വാണ്ടയിൽ അങ്കണവാടി കെട്ടിടത്തിന്റെ അറ്റകുറ്റപണികളും ചുറ്റുമതിൽ, സ്റ്റെയർകെയിസ് നിർമാണം തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങളും പെയിന്റിങ്ങും ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെന്നും അറ്റകുറ്റപണികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് കിണർ വെള്ളം കോരി വ്യത്തിയാക്കി പമ്പ് സെറ്റും വാട്ടർടാങ്കും സ്ഥാപിക്കാൻകഴിയും എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
വാട്ടർടാങ്കും പമ്പസെറ്റും സ്ഥാപിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 8,90,625/- രൂപ തടസ്സപ്പെടുത്തുന്നു

2024-25 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടുകളിൽ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്ത പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ടുകളുടെ വിവരം	ബിൽനമ്പർ /തുക	തുക നല്കിയ വിവരം
1	ആശ്വാസ് ഡയാലിസിസ് രോഗികൾക്ക് ചികിത്സാ സഹായം (SOO1/25) അടങ്കൽ തുക-3,36,000/- (വികസന ഫണ്ട് ജനറൽ) ചെലവ് തുക-2,96,200/-	ACR Bill No.648/11.3.25 Amt-2,96,200/-	ജില്ലാ പഞ്ചായത്ത്
2	IKM വിഹിതം നല്കൽ (SOO48/25)	Bill No.336/12.12.2024 Amt-1,44,425/-	ഡയറക്ടർ, IKM

	അടങ്കൽ തുക-1,44,425/-(വികസന ഫണ്ട് ജനറൽ) ചെലവ് തുക – 1,44,425/-		
3	പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻഎക്സ്റ്റൻഷൻ(145/25) അടങ്കൽ തുക-3,00,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ചെലവ് തുക-3,00,000/-	Bill No.518/12.2.25 Amt-1,08,994/- Billno.798/28.3.25 Amt-1,91,006/-	KSEB
4	സോളാർ പാനൽ സ്ഥാപിക്കൽ (255/25) അടങ്കൽ തുക-50,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) ചെലവ് തുക-50,000/-	ACR Bill No.735/21.3.25 Amt-50,000/-	ANERT
5	വീടുകളിലും ഘടകസ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ (341/25) അടങ്കൽ തുക-1,26,000/- (100000-ധനകാര്യകമ്മിഷൻ ഗ്രാന്റ്) + തനത് ഫണ്ട് -26000) ചെലവ് തുക – 1,00,000/-	ACR Bill No.733/21.3.25 Amt-1,00,000/-	ANERT

മേൽ പരാമർശിച്ചിരിക്കുന്ന പ്രോജക്കുകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ആവശ്യപ്പെട്ട് നല്കിയ എൻകെയറി നമ്പർ 12/25 ന് മറുപടി ലഭ്യമാക്കിയില്ല വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-27 രേഖകൾ ഹാജരാക്കിയില്ല – 9,676/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ടിന്റെ പേര് - **ആശാവർക്കർമാർക്ക് യൂണിഫോം, ഐ.ഡി കാർഡ് മുതലായവ(161/25)**

അടങ്കൽ തുക – 75,000/- (തനത് ഫണ്ട്)

ചെലവ് തുക – 9,676/- (ACR Bill No. 565/5.3.25)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ആശാവർക്കർമാർക്ക് യൂണിഫോം, ഐ.ഡി കാർഡ് മുതലായവ വിതരണം ചെയ്യുന്നതാണ് പ്രസ്തുത പദ്ധതി. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, വിതരണരേഖ, കൈപറ്റ് രേഖ എന്നിവ ലഭ്യമല്ല രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻകെയറി നമ്പർ 13/25ന് മറുപടി ലഭ്യമാക്കിയില്ല ആയതിനാൽ ടി പദ്ധതിയ്ക്കായി ചെലവിട്ട 9676/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-28 വസ്തു വാങ്ങൽ - ഓഡിറ്റിന് ഹാജരാക്കിയ ചെലവ് രേഖകൾ പൂർണ്ണമല്ല

പ്രോജക്ടിന്റെ പേര് – സ്റ്റേഡിയം നിർമ്മാണത്തിന് സ്ഥലം വാങ്ങൽ(252/25)

അടങ്കൽ തുക – 70,00,000/- രൂപ (തനതു ഫണ്ട്)

ചെലവ് തുക – 24,60,000/- രൂപ (Bill No. 797/28.3.25 Amt- 14,60,000/-, Bill No. 799 /29.3.25 Amt-10,00,000/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മാണത്തിനായി സ്ഥലം വാങ്ങുന്നതാണ് പദ്ധതി. ടി പദ്ധതിയ്ക്കായ് ഗ്രാമപഞ്ചായത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് അനുയോജ്യമായ ഒരു ഏക്കർ ഭൂമി വിൽക്കാൻ താല്പര്യമുള്ളവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിച്ച് പഞ്ചായത്ത് 08.01.2025ൽ പത്രപ്പരസ്യം നൽകുകയും, അതനുസരിച്ച് പുളിങ്കോട് വാർഡിൽ വീരണകാവ് വില്ലേജിൽ, ബ്ലോക്ക് 44-ൽ ശ്രീമതി കവിതയുടെ ഉടമസ്ഥതയിലുള്ള 31.99 ആർ ഭൂമിയും, (റീസർവ്വേ നമ്പർ 101/3, 101/9) ശ്രീ. എ.കെ. കിരൺ വക 9.75 ആർ ഭൂമിയും ഉൾപ്പടെ ആകെ 41.74 ആർ ഭൂമി പഞ്ചായത്ത് സെക്രട്ടറിയുടെ പേർക്ക് 28.03.2025ൽ വാങ്ങുകയും കാട്ടാക്കട സബ് രജിസ്ട്രാർ മുമ്പാകെ രജിസ്റ്റർ ചെയ്യുകയും, തണ്ടപ്പേർ പിടിച്ച് (തണ്ടപ്പേർ നമ്പർ 21840) സെക്രട്ടറിയുടെ പേർക്ക് കരം ഒടുക്ക് വരുത്തുകയും ചെയ്തതായ് കാണുന്നു. ടി ഭൂമി വാങ്ങുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ 12.02.2025ൽ ഉത്തരവ് നമ്പർ LSGD/JD/TVM/59/2025-B2 നമ്പരായി അനുയോജ്യതാ സാക്ഷ്യപത്രം വ്യവസ്ഥകൾക്ക് വിധേയമായി നൽകിയിട്ടുണ്ട്.

ടി ഭൂമി വാങ്ങിയ വകയിൽ ശ്രീ. എ.കെ. കിരൺ എന്ന വ്യക്തിക്ക് 9.75 ആർ വസ്തുവിന് ഉഭയസമ്മതപ്രകാരം 14,40,000/-രൂപ (ആർ ഒന്നിന് 1,47,693/-രൂപ) ബിൽ നമ്പർ 797 പ്രകാരം 28.03.2025ൽ കൈമാറിയിട്ടുണ്ട്. ഇതോടൊപ്പം ആധാരം തയ്യാറാക്കിയതിനും മറ്റ് ചെലവുകൾക്കുമായി ശ്രീ. അനൂപ് കുമാർ എന്ന വ്യക്തിക്ക് 20,000/-രൂപ കൈമാറിയിട്ടുണ്ട്. ടി ഇടപാടിൽ രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ്

ഡ്യൂട്ടി എന്നീ ഇനങ്ങളിൽ ചെലവില്ല.

2025ലെ Kerala Document Writers Licence (Amendment) Rules ലെ ഫീസ് ഷെഡ്യൂൾ പ്രകാരം (Rule 13), 8 ലക്ഷം രൂപയിലധിക മൂല്യമുള്ള ഇടപാടിലെ പരമാവധി എഴുത്തുകൂലി പതിനായിരം രൂപയാണ് ആയതിനാൽ, ശ്രീമതി കവിത, ശ്രീ. കിരൺ എന്നിവരിൽ നിന്നും ഭൂമി വാങ്ങിയതിന് തയ്യാറാക്കിയ രണ്ട് പ്രമാണങ്ങളുടെ എഴുത്ത് കൂലിയാണോ ടി ബില്ല് പ്രകാരം ഒരുമിച്ച് ടിയാന് നൽകിയത് എന്ന് വ്യക്തമാക്കേണ്ടതും, തുക കൈപ്പറ്റിയ വ്യക്തിയുടെ കൈപ്പറ്റ് രസീത്, ബില്ല് എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

ഇതോടൊപ്പം വാങ്ങിയ 31.99 ആർ ഭൂമിയുടെ വില ഇനത്തിൽ ശ്രീമതി കവിതയ്ക്ക് 45,60,000/-രൂപ (ആർ ഒന്നിന് 1,42,545/-രൂപ) നൽകിയെന്ന് രജിസ്റ്റർ ചെയ്ത ആധാര പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തൻവർഷം 29.03.2025ലെ ബിൽ നം.799 പ്രകാരം പത്ത് ലക്ഷം രൂപ മാത്രമാണ് കൈമാറിയിട്ടുള്ളത് മേൽപ്പറഞ്ഞ രണ്ട് ഭൂവുടമകളുടെയും, ഭൂമിക്ക് കാട്ടാക്കട തഹസിൽദാർ 03.01.2025ൽ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വില ആർ ഒന്നിന് 1,97,794/-രൂപയാണ്. ശ്രീമതി കവിത എന്ന വ്യക്തിയിൽ നിന്ന് ഭൂമി വാങ്ങിയ വകയിൽ ബാക്കി നല്കേണ്ട തുകയ്ക്ക് 2025-26 വർഷത്തിൽ സ്പിൽ ഓവറായി പദ്ധതി ഉൾപ്പെടുത്തി, പണം കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ഓഡിറ്റിന് കൈമാറേണ്ടതും, തൻവർഷം ബിൽ നമ്പർ 797/28.03.2025 പ്രകാരം ശ്രീ. അനൂപ്കുമാർ എന്ന വ്യക്തിക്ക് കൈമാറിയ 20,000/-രൂപയുടെ ബില്ലും കൈപ്പറ്റ് രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. അതോടൊപ്പം പഞ്ചായത്ത് വാങ്ങിയ ഭൂമി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

സ്റ്റേഡിയം നിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിന് അനുയോജ്യതാ സാക്ഷ്യപത്രം അനുവദിച്ച് കൊണ്ടുള്ള തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 12.02.2025ലെ ഉത്തരവിൽ വാങ്ങുന്ന ഭൂമിയുടെ 25% വിസ്തീർണ്ണം മാത്രമാണ് നിരപ്പുള്ള ഭൂമിയെന്നും, ബാക്കി കുന്നിൻ പ്രദേശമായതിനാൽ, മണ്ണ് മാറ്റുന്നതിന്, ജിയോളജി വകുപ്പിന്റെ അനുമതി വാങ്ങണമെന്നും നിഷ്കർഷിച്ചിരുന്നു.

എന്നാൽ 26.12.2024 തീയതിയിൽ പഞ്ചായത്ത് നൽകിയ അറിയിപ്പിന്റെ അടിസ്ഥാനത്തിൽ (SC1 8669/24)29.01.2025-ൽ ജിയോളജി വകുപ്പ് സ്ഥലപരിശോധന നടത്തിയതായി കാണുന്നു. ടി സ്ഥല പരിശോധനാ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. എന്നാൽ മൈനിംഗ് & ജിയോളജി ജില്ലാ ഓഫീസ്, ടി സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിൽ 11.02.2025 തീയതിയിൽ പഞ്ചായത്ത് സെക്രട്ടറിക്ക് നല്കിയ കത്തിൽ (DOTH-DMG/8/2025-M) ടി സ്ഥലപരിശോധനയിൽ, സ്ഥലത്ത് കരിങ്കല്ലിന്റെ സാന്നിധ്യം കണ്ടെത്തിയിട്ടില്ലായെന്നും, സ്റ്റേഡിയം നിർമ്മാണം പുരോഗമിക്കുമ്പോൾ, കരിങ്കല്ലിന്റെ സാന്നിധ്യം കണ്ടെത്തുന്ന സാഹചര്യമുണ്ടായാൽ ആയത് നീക്കം ചെയ്യുന്നതിന് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മണ്ണ്, നീക്കം ചെയ്യുന്നതിന് ജിയോളജി വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോയെന്നും, സ്റ്റേഡിയം നിർമ്മാണത്തിനായി ടി ഭൂമി ഉപയുക്തമാക്കുന്നതിന് സ്വീകരിച്ച തുടർനടപടി വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-29 കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

2024-25 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതികളുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	പ്രോജക്ടിന്റെ വിവരം	റിമാർക്സ്
1	പ്രോജക്ടിന്റെ പേര്-ജലസേചന പമ്പ്സെറ്റ് (SO205/25) അടങ്കൽ തുക-251960(101960-വികസന ഫണ്ട്+150000 മറ്റുള്ളവ) ചെലവ് തുക- 101960 (Bill No.28/9.5.24 Amt-65889,Bill No.29/9.5.24 Amt-36071)	പ്രസ്തുത പദ്ധതി പ്രകാരം, 13 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിരിക്കുന്നത്. ആയതിൽ 4 ഗുണഭോക്താക്കൾ പമ്പ്സെറ്റ് വാങ്ങിയതിന്റെ വിശദാംശങ്ങൽ ഫയലിൽ ലഭ്യമല്ല. ആയതിനാൽ പമ്പ്സെറ്റ് വാങ്ങിയ തുകയ്ക്ക്, സബ്സിഡി മാർഗ്ഗരേഖയിൽ അനുശാസിക്കും പ്രാരമുള്ള തുകയ്ക്ക് ആനുപാതികമാണോ അനുവദിച്ച സബ്സിഡി എന്ന് വ്യക്തമല്ല.
2	പ്രോജക്ടിന്റെ പേര്-സമഗ്രതരിശ്ശുഷി (S0201/25) അടങ്കൽ തുക-186400(36400-	പ്രസ്തുത പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നല്കിയിരിക്കുന്നത്. സ.ഉ(കൈ)115/2022 / തസ്വഭവ തീ.28.5.22 ഖ6.1.8 പ്രകാരം മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്തിട്ടില്ലാത്ത ഭൂമിയെ ആണ് തരിശ് ഭൂമി ആയി പരിഗണിക്കേണ്ടത്. ഇത് ബന്ധപ്പെട്ട കൃഷിഓഫീസർ

	വികസന ഫണ്ട്+150000 മറ്റുള്ളവ) ചെലവ് തുക-36400(Bill No 1/9.5.24Amt-14000,2/9.5.24 Amt-15400,Bill No.3/9.5.24 Amt-7000)	സാക്ഷ്യപ്പെടുത്തണം. അത്തരത്തിലുള്ള സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല

മേൽ പരാമർശിച്ചിരിക്കുന്ന അപാകതകൾ ചൂണ്ടികാണിച്ച് നല്കിയ എൻകയറി നമ്പർ 22/25ന്റെ മറുപടിയിൽ വരും വർഷങ്ങളിലെ പദ്ധതികളിൽ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നുതാണ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സർക്കാർ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

1-30 ലൈഫ് ഭവന പദ്ധതി ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം

പൂവച്ചൽ ഗ്രാമപഞ്ചായത്തിൽ 2023-ൽ ലൈഫ് ഭവനനിർമ്മാണത്തിനായി കരാർവച്ച ലൈഫ് 2020 ഭവനനിർമ്മാണം എസ്.സി.പി, ലൈഫ് 2020 ജനറൽ എന്നീ പദ്ധതികൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഏതാനും ഗുണഭോക്താക്കൾ നിലവിലും ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം./ പ്രോജക്ടിന്റെ പേര്	ഗുണഭോക്താവിന്റെ പേര്/ മേൽവിലാസം	എഗ്രിമെന്റ് തീയതി	കൈപ്പറ്റിയ തുക (രൂ)	നിലവിലെ സ്ഥിതി
177/23-24 ലൈഫ് ഭവനനിർമ്മാണം	ബിന്ദു.ജെ ലക്ഷം വീട്, പേഴുംമൂട്	12.01.2023	36000	റൂഫ് മട്ടം
,,	രാജേഷ്, രാജേഷ്ഭവൻ, കോവിൽവിള (വാർഡ്7)	18.01.2023	80000	ബേസ്മെന്റ് മട്ടം
,,	അബിളി, റോഡരികത്ത് വീട്, തേവൻകോട്(വാർഡ് 8)	19.01.2023	40000	പണി ആരംഭിച്ചിട്ടില്ല.
,,	രതീഷ് ആർ, രതീഷ്ഭവൻ, മൈലോട്ടുമൂഴി	18.01.2023	360000	റൂഫ് മട്ടം
,,	ജിനി.പി.എസ്,വിഷ്ണുഭവൻ നാവെട്ടിക്കോണം,കാട്ടാക്കട	31.01.2023	360000	റൂഫ്
,,	കവിത.ബി, പുന്നവിളാകത്ത് വീട്, നക്രാഞ്ചിറ, കാട്ടാക്കട	18.01.2023	40,000	പണി ആരംഭിച്ചില്ല.
,,	ശോഭന.കെ, കൂന്നുവിളവീട്, കുഴലാർ,കാട്ടാക്കട	18.01.2023	300000	ലിന്റിൽ മട്ടം
,,	കുമാരിബിന്ദു, ഇന്ദുഭവൻ, തോട്ടമ്പാറ, കാട്ടാക്കട	18.01.2023	340000	റൂഫ്
,,	സജിത.സി.എസ്, പേഴുംമൂട് ലക്ഷംവീട്	18.01.2023	340000	,,
,,	അശ്വതി.എസ്, ഉരുവിലാംകോട് റോഡരികത്ത് വീട്, പന്നിയോട്	18.01.2023	340000	ലിന്റിൽ മട്ടം
,,	അനിത.എസ്.എസ്, അനീഷ്ഭവൻ, പുളിങ്കോട്	18.01.2023	340000	,,
171/2023 ലൈഫ് ഭവന നിർമ്മാണം ജനറൽ	ശ്രീകല, മേലെവിളാകത്ത് പുത്തൻവീട്, ചാന്ദ്രമൂഴി, വീരണകാവ്	16.10.2023	360000	റൂഫ്
,,	ശ്യാമള.സി, ആർ.എസ് ഭവൻ, ഇലയ്ക്കാട്	22.08.2023	360000	റൂഫ്
,,	സുനിത.റ്റി.ആർ, തേരിയിൽ വീട്, ഇടയ്ക്കാട്	23.082023	369246	റൂഫ്
,,	ലത, ആനിവില്ല, പൊന്നെടുത്തമൂഴി	24.08.2023	360000	റൂഫ്
,,	ബിജി.ജെ, ഗീതാഭവൻ, ആനാകോട്	21.09.2023	369246	റൂഫ്

,,	കോമളകുമാരി, കൃഷ്ണഭവൻ, കുന്നുംപുറം	23.08.2023	349246	റൂഫ്
,,	പുഷ്പമ്മ, വടക്കേക്കര പുത്തൻവീട്, പുന്നാംക്കരിയ്ക്കകം	23.08.2023	190000	ബേസ്മെന്റ്
,,	ശോഭന, ധന്യസദനം, മുണ്ടുകോണം, വീരണകാവ്	24.08.2023	320000	റൂഫ്
,,	ലീല/ബിനോദ്.വി, ബിനോദ്ഭവൻ മഞ്ചംക്കുഴി, പന്നിയോട്	25.08.2023	40000	ബേസ്മെന്റ്
,,	ജനറ്റ് അഞ്ചുഭവൻ പള്ളിവിള, വീരണകാവ്	24.08.2023	369246	റൂഫ്
,,	അശ്വതി, ആശാഭവൻ മൈലമൂട്, മഠത്തിക്കോണം.	14.09.2023	36000	റൂഫ്
,,	ബിന്ദു ബി, പാലേലിക്കുന്നിൽവീട് കാട്ടാക്കട പി.ഒ.	25.08.2023	350000	ലിന്റിൽ
,,	കുശലകുമാരി.ആർ, ഡി.ഡി.നിവാസ് തെക്കേവീട് ലൈൻ ചൂണ്ടുപലക കാട്ടാക്കട പി.ഒ	24.08.2023	369246	റൂഫ്
,,	ഷീജ, രാഹുൽ നിവാസ് മാർക്കറ്റ്റോഡ് കാട്ടാക്കട	22.11.2023	356762	റൂഫ്
,,	ജയ വി, ശ്രീജിത്ത് ഭവൻ പുന്നമൂട് കട്ടയ്കോട്	14.11.2023	369246	റൂഫ്

ലൈഫ് ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള മേൽ ഗുണഭോക്താക്കൾ ഭവനത്തിന്റെ പണി പൂർത്തിയാക്കാത്തതിൻമേൽ സ്വീകരിച്ച നടപടിയുടെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് നം. 5/16.12.2025 -ന് ലഭ്യമാക്കിയ മറുപടിയിൽ ഭവനനിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ഫോൺ മുഖേന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ഭവനങ്ങളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി നിവ്വഹണ ഉദ്യോഗസ്ഥ സ്വീകരിക്കേണ്ടതാണ്.

1-31 ജലജീവൻ മിഷൻ അവലോകനം

സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും 2024 -ഓടു കൂടി കുടിവെള്ള കണക്ഷൻ എത്തിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 2019 മുതൽ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് 05.07.2021 ലെ 533/2020/Dpo/തിരു/ജെ.ജെ.എം നം കുറിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത കുറിപ്പ് പ്രകാരം ജലജീവൻ മിഷൻ പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സ് താഴെപ്പറയും പ്രകാരമാണ്.

കേന്ദ്ര സംസ്ഥാന വിഹിതം - 50:50

സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുന്ന പഞ്ചായത്ത് വിഹിതം -15%

ഗുണഭോക്തൃവിഹിതം -10%

ജലജീവൻ മിഷൻ പദ്ധതി പ്രകാരം വാട്ടർ അതോറിറ്റിക്ക് സ്ഥാപനവിഹിതമായും ഗുണഭോക്തൃവിഹിതമായും നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതി ഗുണഭോക്തൃ വിഹിതമിനത്തിൽ പഞ്ചായത്തിന് നാളിതുവരെ ലഭിച്ച തുകയുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ജലജീവൻ മിഷൻ പദ്ധതിക്കായി 2021-22 വാർഷിക പദ്ധതിയിൽ പ്രോജക്ട് നമ്പർ 111/22 പ്രകാരം 1,00,000/- രൂപ വകയിരുത്തിയിട്ടുള്ളതായും തുക ചെലവഴിച്ചിട്ടില്ലാത്തായും എൻകയറി നമ്പർ 2/25ന്റെ മറുപടിയിൽ പ്രതിപാദിക്കുന്നു. ജലജീവൻ മിഷന്റെ വെബ്സൈറ്റ് പ്രകാരം പൂവച്ചൽ പഞ്ചായത്തിൽ 2020-21 മുതൽ 2024-25 വരെ 5815 ഗാർഹിക കണക്ഷൻ നൽകിയതായി കാണുന്നു.

ജലജീവൻ മിഷൻ പദ്ധതിക്കായി പൊളിച്ച റോഡുകളുടെ പുനരുദ്ധാരണത്തിനായി കേരള വാട്ടർ അതോറിറ്റിയിൽ നിന്ന് പഞ്ചായത്തിന് ലഭിച്ച തുകയുടെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമായ തുകയുടെ വിശദാംശങ്ങളും നാളിതുവരെ റോഡ് പുനരുദ്ധാരണത്തിനായി ചെലവഴിച്ച തുകയുടെയും പുനരുദ്ധാരണം നടക്കാത്ത/പൂർത്തിയാകാത്ത റോഡുകളുടെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം- 2/15.12.25)

1-32 മുൻകൂറുകൾ ക്രമീകരിക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99, സർക്കാർഉത്തരവ് നമ്പർ ജി.ഒ (പി) 419/2011/ഫിൻ തീയതി 04.10.2011 എന്നിവ പ്രകാരം വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റിയാൽ മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. സമയപരിധിക്കുള്ളിൽ തുക ക്രമീകരിച്ചില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും തിരിച്ച് പിടിക്കേണ്ടതും ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിക്കുന്ന ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. വാർഷികധനകാര്യ പത്രികയിലെ B-18 ഷെഡ്യൂൾ പ്രകാരം നാളിതുവരെ ക്രമീകരിക്കുകയോ തിരിച്ചടക്കുകയോ ചെയ്യാത്ത മുൻകൂറുകളുടെ വിശദാംശങ്ങൾ

Festival Advance ഇനത്തിൽ അവശേഷിക്കുന്ന തുകയായ 65,000/- രൂപ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-33 വാഹനങ്ങളുടെ ഇൻഷുറൻസ്- സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-21-M-4240, Mahindra/Bolero എന്ന വാഹനത്തിന്റെ ഇൻഷുറൻസ് പൊതുമേഖല ഇൻഷുറൻസ് സ്ഥാപനങ്ങളിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. 07.8.21ലെ സർക്കുലർ നമ്പർ-ബി2/278/2019-ഗതാഗത വകുപ്പ്, സർക്കുലർ നമ്പർ 02/2024/ധന, തീയതി 10.01.24 എന്നിവയിൽ സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖല സ്ഥാപനങ്ങൾ/ബോർഡ്, കോർപ്പറേഷനുകൾ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളും തങ്ങളുടെ വാഹനങ്ങൾക്കുള്ള Comprehensive Insurance Policy, Act Only Policy With Legal Liability Coverage പോളിസികൾ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. സർക്കാർ നിർദേശം പാലിക്കാതെ പൊതുമേഖല ഇൻഷുറൻസ് കമ്പനിയിൽ നിന്നും വാഹനങ്ങൾക്ക് ഇൻഷുറൻസ് എടുത്തതിന് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/19.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-34 വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി വാട്ടർ ചാർജ്ജ് ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ 24 വാർഡുകളിലായി 338 പൊതു ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഇനത്തിൽ പ്രതിമാസം 4,10,079/- രൂപ അടവാക്കുന്നതായി കാണുന്നു. വാർഡ് തിരിച്ചുള്ള പൊതുടാപ്പുകളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. ജലജീവൻ മിഷൻ പദ്ധതി പഞ്ചായത്തിൽ പ്രവർത്തനക്ഷമമാകുന്ന മുറയ്ക്ക് പൊതു ടാപ്പുകൾ കാലോചിതമായി ഒഴിവാക്കി വ്യക്തിഗത ടാപ്പുകൾക്ക് ഊന്നൽ നൽകണമെന്ന് സർക്കാർ പദ്ധതി മാർഗ്ഗ രേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി യഥാർത്ഥ ഡിമാന്റിന്റെ അടിസ്ഥാനത്തിൽ വാട്ടർ ചാർജ്ജ് ക്രമീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/19.12.25) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-35 2024-25 വർഷത്തെ ലൈബ്രറി സെസ്സ് തുക അടവാക്കിയിട്ടില്ല

സംസ്ഥാന ലൈബ്രറി കൗൺസിലിലേക്ക് ഓരോ അർദ്ധ വർഷവും പിരിച്ചെടുക്കുന്ന ലൈബ്രറി സെസ്സ് തുക ഓരോ അർദ്ധവർഷം കഴിഞ്ഞ് 30 ദിവസത്തിനകം അടയ്ക്കേണ്ടതാണെന്ന് സർക്കുലർ നമ്പർ 17263/I3/ത.സ്വ.ഭ.വ, തീ. 29.12.2000 പ്രകാരം നിർദ്ദേശം ഉള്ളതാണ്. ഈടാക്കിയ ലൈബ്രറി സെസ്സ് കൃത്യസമയത്ത് അടവാക്കിയിട്ടില്ലെങ്കിൽ 2% പിഴപ്പലിശ സെക്രട്ടറിയുടെ ബാധ്യതയായി വരുന്നതാണ്. എന്നാൽ വൌച്ചർ പരിശോധനയിൽ വൌച്ചർ നം.22401531/20.03.25 (ചെക്ക് നം.MB1367171/20.03.25) പ്രകാരം 3,26,244/- രൂപയാണ് ലൈബ്രറി സെസ്സ് (01.10.23 – 31.03.24വരെയുള്ള കാലയളവിലെ) ഇനത്തിൽ ഒടുക്കിയിട്ടുള്ളത്. 2024-25 വർഷത്തെ ലൈബ്രറി സെസ്സ് തുക അടവാക്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/19.12.25 മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-36 പരസ്യനിരക്കുകൾ സർക്കാർ അംഗീകൃതനിരക്കിനെക്കാൾ കൂടുതലായി അനുവദിക്കുന്നു

2024-25 വർഷത്തിൽ ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്ന് പത്രസ്ഥാപനങ്ങൾക്ക് നൽകിയ പരസ്യക്കൂലി സർക്കാർ അംഗീകൃതനിരക്കിനെക്കാൾ അധികമാണെന്ന് കാണുകയുണ്ടായി. സർക്കാർ ഉത്തരവ് (അച്ചടി) നം. 5/2021/ഐ &പി.ആർ.ഡി തീയതി 11.10.2021 പ്രകാരം സർക്കാർ പരസ്യങ്ങൾ അച്ചടി മാധ്യമങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിന് നൽകേണ്ട പരസ്യനിരക്കുകൾ പ്രകാരമല്ല ചെലവ് ചെയ്തിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷത്തിൽ അസി.സെക്രട്ടറി, അസി.എഞ്ചിനീയർ, വി.ഇ.ഒ എന്നിവർ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിക്കുന്നതിനായി 29.02.24, 14.03.24, 16.03.24 എന്നീ തീയതികളിൽ ദേശാഭിമാനി പബ്ലിക്കേഷൻസിന് നൽകിയ പരസ്യത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ചെക്ക് നം./ തീയതി	പത്രം	പരസ്യം നൽകിയ തീയതി	അളവ്	സർക്കാർ ഉത്തരവ് പ്രകാരം നൽകേണ്ട തുക (തിരുവനന്തപുരം എഡിഷൻ)	നൽകിയ തുക
456561/ 11.04.24	ദേശാഭിമാനി	29.02.24	56 ചതുരശ്ര സെന്റീമീറ്റർ	ചതുരശ്ര സെന്റീമീറ്ററിന് 57 നിരക്കിൽ ആകെ 3,192/-	ചതുരശ്ര സെന്റീമീറ്റർ 250 രൂപ നിരക്കിൽ ആകെ 12,495/- രൂപ
	ദേശാഭിമാനി	14.03.24	56 ചതുരശ്ര സെന്റീമീറ്റർ	ചതുരശ്ര സെന്റീമീറ്ററിന് 57 നിരക്കിൽ ആകെ 3,192/-	ചതുരശ്ര സെന്റീമീറ്റർ 250 രൂപ നിരക്കിൽ ആകെ 12,495/- രൂപ
	ദേശാഭിമാനി	16.03.24	56 ചതുരശ്ര സെന്റീമീറ്റർ	ചതുരശ്ര സെന്റീമീറ്ററിന് 57 നിരക്കിൽ ആകെ 3,192/-	ചതുരശ്ര സെന്റീമീറ്റർ 250 രൂപ നിരക്കിൽ ആകെ 12,495/- രൂപ
				ആകെ	37,485/-

പരസ്യനിരക്കുകൾ സർക്കാർ അംഗീകൃതനിരക്കിനെക്കാൾ കൂടുതലായി അനുവദിക്കുന്നതിനുള്ള വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (28/19.12.25) മറുപട ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-37 മരുന്ന് ലഭ്യമായില്ല - 46,438/-രൂപ തടസ്സം ചെയ്യുന്നു.

പദ്ധതി നമ്പർ	22/25
പദ്ധതിയുടെ പേര്	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ
അടങ്കൽ തുക	3,00,000/- (മെയിന്റനൻസ് റോഡിതരം)
ചെലവ് തുക	3,00,000/-
നിർവഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)
ബിൽ നമ്പർ/ തീയതി/തുക	443/06.01.2025 3,00,000/-

മേൽ പദ്ധതി പ്രകാരം The Kerala State Homoeopathic Co-Operative Pharmacy (HOMCO) യിൽ നിന്നും ഹോമിയോ ഡിസ്പെൻസറിക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിലേയ്ക്കായി 3,00,000/-രൂപ ചെലവാക്കിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും Invoice No. LF-1003 തീ.02.08.25പ്രകാരം 1,92,221/- രൂപയുടേയും Invoice No. LF- 2786 തീ.03.12.25പ്രകാരം 61,341/- രൂപയുടേയും മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 46,438/-രൂപയുടെ മരുന്ന് ലഭ്യമായതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.7/25 തീ. 17.12.25) ഹോംകോയിൽ നിന്ന് ലഭ്യമാകാനുള്ള മരുന്ന് ഉടനെ ലഭ്യമാക്കുമെന്ന് അറിയിച്ചിട്ടുണ്ടെന്ന് മറുപടി നൽകി. മരുന്ന് ലഭ്യമായി ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കുന്നതുവരെ ലഭ്യമാക്കാത്ത മരുന്നുകളുടെ വിലയായ 46,438/- രൂപ തടസ്സം ചെയ്യുന്നു.

1-38 ഹെൽത്ത് ഗ്രാന്റ്

ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് ഓഡിറ്റ് എൻകയറി നം. 1 വഴി അന്വേഷിച്ച വിഷയങ്ങളിന്മേൽ ചുവടെ ചേർക്കും വിധം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഹെൽത്ത് ഗ്രാന്റുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ആരോഗ്യ മേഖലാ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കി ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് പ്രോജക്ടുകൾക്ക് ഭരണ സമിതി അന്തിമരൂപം നൽകിയിട്ടുണ്ടെന്നും പ്രോജക്ടുകൾക്ക് വെറ്റിംഗ് ഓഫീസറുടെ അംഗീകാരം ലഭിച്ചിട്ടുണ്ടുണ്ടെന്നും അറിയിച്ചു. പ്രോജക്ടുകളിൽ ഹെൽത്ത് ഗ്രാന്റ് ഒഴികെയുള്ള മറ്റ് വിഭാഗം ഫണ്ടുകൾ സംയോജിപ്പിച്ചിട്ടില്ല.
ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം പി.എഫ്.എം.എസുമായി ബന്ധപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ മുഖേന ആണ് നിർവഹിക്കുന്നത്. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ്വെയറിൽ കൃത്യമായി ചെലവ് രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ മാസവും പ്രസ്തുത അക്കൗണ്ടിലെ കണക്കുകൾ ക്രമപ്പെടുത്തിയിട്ടുണ്ടെന്നും മറുപടി അറിയിച്ചു.
2021 മുതൽ നാളിതുവരെ ലഭ്യമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരം ചുവടെ ചേർക്കും വിധമാണ്.

വർഷം	വരവ്
2021-22	ലഭിച്ചിട്ടില്ല
2022-23	6,25,856/-
2023-24	74,30,708/-
2024-25	15,43,270/-

പ്രോജക്ടുകൾക്ക് പേയ്മെന്റ് 02.01.2022 ലെ സ.ഉ. (സാധാ) നം. 7/2022/തസ്വഭവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണ് നടത്തിയിട്ടുള്ളതെന്നും പദ്ധതികളുടെ മോണിറ്ററിംഗ് ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി നിർവ്വഹിക്കുന്നുണ്ടെന്നും അറിയിച്ചു. കൂടാതെ ആരോഗ്യ ഗ്രാന്റിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടെയും നിർവ്വഹണ പുരോഗതി തുടർച്ചയായി ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തിയിട്ടുള്ളതായും അറിയിച്ചു.
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പിന്റെ 23.05.2023 ലെ എഫ്.എം.3/138/2023-തസ്വഭവ നമ്പർ സർക്കുലർ പ്രകാരം കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും 2025 മാർച്ചിനുള്ളിൽ കെട്ടിടം നിർമ്മിക്കുന്നതിനായി നിർദ്ദേശങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയത് പ്രകാരം നിലവിൽ 2 സബ്സെന്ററുകളുടെ നിർമ്മാണത്തിനായി പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ടെന്നും പ്രോ. നം. 386/25 വീരണകാവ് സബ്സെന്റർ കെട്ടിടം നിർമ്മാണം എന്ന പ്രവൃത്തി 75 ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രോ. നം. 387/25 കാട്ടാക്കട സബ്സെന്റർ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തി അതിർത്തി തർക്കം കാരണം നിർത്തി വയ്ക്കുകയും 10-9-2025 ലെ 2 (2) പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി റ്റി.എസ് ന് സമർപ്പിച്ചുണ്ടെന്നും അറിയിച്ചു
ഹെൽത്ത് ഗ്രാന്റിനത്തിൽ ലഭ്യമായ തുകയ്ക്ക് അത്രയും പ്രോജക്ട് ഏറ്റെടുത്തിയിട്ടുണ്ടോ എന്നും പ്രസ്തുത പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്നുമുള്ള ചോദ്യങ്ങൾക്ക് ലഭ്യമായ തുകയ്ക്ക് പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെന്നും പദ്ധതികൾ നടപ്പിലാക്കി വരുന്നതായും മറുപടി നൽകി.
ഗ്രാമപഞ്ചായത്തിൽ 2021-22 മുതൽ 2024-25 വരെ ഓരോ സ്കീമിലും ലഭിച്ച ഹെൽത്ത്ഗ്രാന്റിന്റെ ചെലവുവിവരം ചുവടെ ചേർക്കും വിധമാണെന്ന് അറിയിച്ചിട്ടുണ്ട്.

വർഷം	പ്രോജക്ട് നം.	പ്രോജക്ടിന്റെ പേര്	അടങ്കൽ	ചെലവ്
2022-23	228	രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	1,75,000	39,774
2023-24	299	രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	1,61,493	1,61,493
	300	ഹെൽത്ത് &വെൽനസ് തുടർ പ്രവർത്തനങ്ങൾ	1,58,712	1,58,712
	301	രോഗനിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ- തുടർ പ്രവർത്തനങ്ങൾ	2,02,591	2,02,591
	302	ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ	81,288	81,288
	391	രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ	12,71,000	12,70,944
	392	ഹെൽത്ത് & വെൽനസ് പ്രവർത്തനങ്ങൾ	5,11,000	5,11,000
2024-25	386	വീരണകാവ് സബ്സെന്റർ കെട്ടിടം നിർമ്മാണം	27,75,000	7,52,492

*സുലേഖ ചെലവ് പത്രിക പ്രകാരം 2024-25 വർഷത്തെ ഹെൽത്ത് ഗ്രാന്റിന്റെ ചെലവ് തുക 7,52,492/- തന്നെയാണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ചെലവ് തുക 8,50,515/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.
ബാലൻസ് ഷീറ്റ് പ്രകാരം 2024-25 വർഷത്തിൽ ഓരോ സ്കീമിലും നീക്കീയിരിപ്പുള്ള തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

ഹെഡ്	ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ്
320100202 Grants For Specific Purposes - Health Grant Towards Support For Diagnostic InfraStructure To The PHCs	5,64,698

320100204 Grants For Specific Purposes - Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	8,29,745
320100203 Grants For Specific Purposes - Health Grant Towards Buildingless Subcentres, PHCs And CHCs	50,48,699

ഗ്രാമപഞ്ചായത്തിൽ ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം തൃപ്തികരമാണ്. ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ വിവിധ സ്കീമുകളിലായി ലഭിച്ച 64,43,142/- രൂപ നിലവിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ടി തുക പൂർണ്ണമായും വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിലെ ആരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-39 സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ കണക്കാക്കിയതിലെ അപാകതകൾ

പ്രോജക്ട് നമ്പർ	386/24-25	
പേര്	വീരണകാവ് സബ് സെന്റർ നിർമ്മാണം	
ഫണ്ട്	അടങ്കൽ (രൂപ)	ചെലവ്(രൂപ)
ഹെൽത്ത് ഗ്രാന്റ്	രൂ.2775000/-	രൂ.752492/-
ആകെ	രൂ.2775000/-	രൂ.752492/-
നിർവ്വഹണം	അസിസ്റ്റന്റ് എൻജിനീയർ	
കരാറുകാരൻ	ശ്രീ. ജിനു. ജെ	
ഇ,എം ബുക്ക് നമ്പർ	**LSGD/CELSGD/EST/16002/2024_5_1_1**	
എസ്റ്റിമേറ്റ് തുക	**രൂ.4531658/-**	
കരാർ തുക	**രൂ.4522562/-**	

വീരണകാവ് സബ് സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട മേൽ പ്രവൃത്തിയിൽ ഫൗണ്ടേഷനായി കോളങ്ങൾ നിർമ്മിച്ചപ്പോൾ കോളങ്ങളുടെ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ കണക്കാക്കിയതിൽ അപാകം സംഭവിച്ചിട്ടുണ്ട്.

എം ബുക്ക് ഇനം 1.007 -DSR 5.9.1:Foundations, Footings,Bases Of Columns, Etc For Mass Concrete പ്രകാരം 1.5 മീറ്റർ വീതിയും 1.5 മീറ്റർ നീളവും 0.5 മീറ്റർ ഉയരവുമുള്ള സമചതുരാകൃതിയിലുള്ള 18 കോളങ്ങളുടെ First Footing നിർമ്മാണത്തിനായുള്ള സെന്ററിംഗ് ആന്റ് ഷട്ടറിംഗ് പ്രവൃത്തിയാണ് നിർവ്വഹിച്ചിട്ടുള്ളത്.1.5 മീറ്റർ വീതിയും 1.5 മീറ്റർ നീളവും 0.5 മീറ്റർ ഉയരവുമുള്ള സമചതുരാകൃതിയിലുള്ള കോളത്തിന്റെ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ 4x1.5x0.5= 3sqm ആണ്.(PerimeterxHeight).ആയതിനാൽ 18 കോളങ്ങളുടെ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ 54sqm ആണ്.എം ബുക്ക് ഇനം 1.007 പ്രകാരം 216sqm, 18 കോളങ്ങളുടെ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ ആയി കണക്കാക്കിയിട്ടുണ്ട്.നിലവിൽ പദ്ധതി പൂർത്തിയാക്കിയിട്ടില്ല . പാർട്ട് ബില്ല് പ്രകാരം DSR 5.9.1:Foundations, Footings, Bases Of Columns, Etc For Mass Concrete പ്രവൃത്തിക്കായി കരാറുകാരൻ കൂട്ടി ചെയ്ത 335.31/Sqm നിരക്കിൽ 47.520sqm പ്രവൃത്തി നിർവ്വഹിച്ചതിനുള്ള തുകയായ 15933.93 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം 14/19.12.2025 നുള്ള മറുപടിയിൽ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയ കണക്കാക്കിയതിൽ അപാകം സംഭവിച്ചതാണെന്നും പാർട്ട് ബില്ലിൽ 47.520sqm പ്രവൃത്തി നിർവ്വഹിച്ചതിനുള്ള തുക മാത്രം അനുവദിച്ചതിനാൽ അധിക ചെലവ് ഉണ്ടായിട്ടില്ലെന്നും അധിക മെഷർമെന്റ് എം ബുക്കിൽ തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. അധിക മെഷർമെന്റ് എം ബുക്കിൽ തിരുത്തുന്നതിനും അടുത്ത തവണ ബിൽ മാറുമ്പോൾ കൃത്യമായ സെന്ററിംഗ് ആന്റ് ഷട്ടറിംഗ് ഏരിയക്കുള്ള നിരക്ക് മാത്രം കരാറുകാരന് അനുവദിക്കുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-40 പെയിന്റ് പ്രവൃത്തിയിലെ അപാകത

പ്രോജക്ട് നമ്പർ	335/24-25	
പേര്	പൊതു കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ	
ഫണ്ട്	അടങ്കൽ (രൂപ)	ചെലവ്(രൂപ)
വികസനഫണ്ട് ധനകാര്യ കമ്മിഷൻ അവാർഡ്)	രൂ.272000/-	രൂ.210000/-
ആകെ	രൂ.272000/-	രൂ.210000/-
നിർവ്വഹണം	അസിസ്റ്റന്റ് എൻജിനീയർ	
കരാറുകാരൻ	ശ്രീ. സരേഷ്.എസ്	
ഇ,എം ബുക്ക് നമ്പർ	**LSGD/CELSGD/EST/115855/2023_5_1_1**	

എസ്റ്റിമേറ്റ് തുക	**രൂ.200412/-**
കരാർ തുക	**രൂ.183377/-**

പൂവച്ചൽ അമ്പലം ജംഗ്ഷനിൽ പൈതൃക ഗ്രാമം വെയിറ്റിംഗ് ഷെഡിന് സമീപമുള്ള കിണറിന്റെ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സിന്തറ്റിക് ഇനാമൽ പെയിന്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്. എം ബുക്ക് ഇനം 2.006 പ്രകാരം സിന്തറ്റിക് ഇനാമൽ പെയിന്റ് പ്രവൃത്തിക്കായി നൽകിയത് DSR 13.62.1 പ്രകാരമുള്ള സ്പെസിഫിക്കേഷനാണ്. എന്നാൽ സാധാരണയായി സിന്തറ്റിക് ഇനാമൽ പെയിന്റ് പ്രവൃത്തിക്കായി അനുവദിക്കുന്നത് കുറഞ്ഞ നിരക്കിലുള്ള DSR 13.61.1 പ്രകാരമുള്ള പെയിന്റ് പ്രവൃത്തിയാണ്. DSR 13.62.1 , DSR 13.61.1 എന്നിവയുടെ സ്പെസിഫിക്കേഷൻ പ്രകാരം അനുവദനീയമായ നിരക്കുകൾ ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ കോഡ്, പേര്	നിരക്ക് (കോസ്റ്റ് ഇൻഡക്സ് 35.59% ഉൾപ്പെടെ)
13.61.1. Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade: Two Or More Coats On New Work	143.05/Sqm
13.62.1. Painting With Synthetic Enamel Paint Of Approved Brand And Manufacture Of Required Colour To Give An Even Shade: Two Or More Coats On New Work Over An Under Coat Of Suitable Shade With Ordinary Paint Of Approved Brand And Manufacture	208.54/Sqm

എം ബുക്ക് ഇനം 2.006 പ്രകാരം 14.85470 Sqm പ്രവൃത്തി നിർവ്വഹിച്ചതിന് കരാറുകാരൻ ക്വാട്ട് ചെയ്ത 208.54/Sqm നിരക്കിൽ 3097.86 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.DSR 13.62.1, DSR 13.61.1 എന്നീ സ്പെസിഫിക്കേഷനുകളുടെ ഡാറ്റ പരിശോധിച്ചതിൽ DSR 13.62.1 ൽ മറ്റീരിയൽ കോഡ് 0833 പ്രകാരം Pink Primer (For Wood) നിരക്കും ആയതിന്റെ ലേബർ ചാർജും മാത്രമാണ് DSR 13.62.1 ൽ അധികമായി ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്.എം ബുക്ക് പരിശോധിച്ചതിൽ കിണർ നവീകരണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് Wood ഉൾപ്പെടുന്ന പ്രവൃത്തികളൊന്നും നിർവ്വഹിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.ഉയർന്ന നിരക്കിലുള്ള DSR 13.62.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുവദിച്ചത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.14/തീ.18.12.2025)നുള്ള മറുപടിയിൽ അതി ശക്തമായ വെയിൽ ഏൽക്കുന്നതിനാലാണ് DSR 13.62.1 പ്രകാരമുള്ള സ്പെസിഫിക്കേഷൻ നൽകിയത് എന്ന് മറുപടിലനൽകിയിട്ടുണ്ട്.Wood ഉൾപ്പെടുന്ന പ്രവൃത്തികളൊന്നും നിർവ്വഹിച്ചിട്ടില്ലാത്തതിനാൽ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി അംഗീകരിക്കാൻ കഴിയില്ല.DSR 13.62.1 പ്രകാരമുള്ള പെയിന്റ് പ്രവൃത്തി നിർവ്വഹിച്ചതുമായി ബന്ധപ്പെട്ട് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-41 റോഡ് നിർമ്മാണത്തിനായി Mix Seal Surfacing എന്ന പ്രവൃത്തി നിർവ്വഹിച്ചില്ല

റോഡ് ടാറിംഗ് പ്രവൃത്തികൾ പരിശോധിച്ചതിൽ എല്ലാ പ്രവൃത്തികളിലും ടാക്ക് കോട്ടിന് ശേഷം ഓപ്പൺ ഗ്രേഡഡ് ആയ 20mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനു ശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും ചെയ്യുന്നതായി ഫയൽ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് പകരമായി ക്ലോസ്ഡ് ഗ്രേഡ് ആയ മിക്സ്ഡ് സീൽ സർഫസ് എന്ന പ്രവൃത്തി ടാക്ക് കോട്ടിന് ശേഷം ചെയ്യാവുന്നതാണ്. 20mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനുശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും ചെയ്യുന്നതിനേക്കാൾ ലാഭകരമാണ് മിക്സ്ഡ് സീൽ സർഫസ് എന്ന പ്രവൃത്തി ചെയ്യുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

MORD സ്പെസിഫിക്കേഷൻ കോഡ്	പ്രവൃത്തി	MORD സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് (35.59% കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടെ)
5.9.1.2a	20 Mm ചിപ്പിംഗ് കാർപ്പറ്റ്	220.54 രൂപ/Sqm
5.12.A.3.2a	സീൽ കോട്ട്	93.98 രൂപ/Sqm
	ആകെ	314.52 രൂപ/Sqm
5.11.1.A.1	മിക്സ്ഡ് സീൽ സർഫസ് By Manual Means	228.59 രൂപ/Sqm

ചീഫ് എൻജിനീയറുടെ 17.08.2022 ലെ ഡിബി1/1966/21/സിഇ/എൽ.ഐ.ഡി & ഇ ഡബ്ല്യു സർക്കുലർ പ്രകാരം ട്രാഫിക് സാന്ദ്രത 2 MSA ക്ക് താഴെയുള്ള റോഡുകൾക്ക് MORD 5.11.1.A.2a/75.5.11.1.1.A.2pb പ്രകാരം Mix Seal Surfacing - Manual Means - എന്ന പ്രവൃത്തി നിർവ്വഹിക്കേണ്ടതാണെന്ന് വ്യക്തമായിട്ടുണ്ട്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം. 14/19.12.2025 നുള്ള മറുപടിയിൽ Mix Seal Surfacing പ്രവൃത്തി ചെയ്യുന്ന റോഡുകൾക്ക് പെട്ടെന്ന് കേടുപാടുകൾ സംഭവിക്കുന്നതിനാലാണ് 20mm ചിപ്പിംഗ് കാർപ്പറ്റ് എന്ന പ്രവൃത്തിയും അതിനുശേഷം സീൽ കോട്ട് എന്ന പ്രവൃത്തിയും നിർവ്വഹിച്ചത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ട്രാഫിക് സാന്ദ്രത 2 MSA ക്ക് താഴെയുള്ള റോഡുകൾക്ക് നിർബന്ധമായും ചീഫ്

എൻജിനീയറുടെ മേൽ സർക്കുലർ പ്രകാരം Mix Seal Surfacing പ്രവൃത്തി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-42 ടെണ്ടർ ഫീ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഇ-ടെണ്ടർ മുഖേന ലഭിക്കുന്ന ടെണ്ടർ ഫീ സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിക്കുന്നതിനായി സർക്കുലർ നം. ഡി.ബി.1/79/42/2010/CE/LSGD, തീയതി 17.8.2017പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.എന്നാൽ നാളിതുവരെ ഇത്തരത്തിലുള്ള അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2021-22, 2022-23,2023-24, 2024-25 വർഷങ്ങളിലെ ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

വർഷം	പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അക്കൗണ്ടിൽ ടെണ്ടർ ഫീ ഇനത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക
2021-22	രൂ.87,819/-
2022-23	രൂ.79,220/-
2023-24	രൂ.1,23,150/-
2024-25	രൂ.1,01,880/-
ആകെ	രൂ.3,92,069/-

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.14/തീ.19.12.2025)നുള്ള മറുപടിയിൽ 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിലെ ടെണ്ടർ ഫീ ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്ക് വരുത്തുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്.

1-43 റോഡ് നിർമ്മാണത്തിനായി ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചില്ല

ചീഫ് എൻജിനീയറുടെ 17.06.2023 ലെ LSGD/PD/40538/2023-DB3 സർക്കുലർ പ്രകാരം റോഡ് ടാറിംഗ് പ്രവൃത്തികളിൽ നിർമ്മിക്കുന്ന റോഡുകളുടെ ആകെ നീളത്തിന്റെ 25 ശതമാനം എങ്കിലും ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇതിലേക്കായി ചീഫ് എൻജിനീയറുടെ 01.12.2023 ലെ LSGD/PD/30873/2023-DB3 സർക്കുലർ പ്രകാരം ഷ്രഡഡ് പ്ലാസ്റ്റിക് കൂടി ഉൾപ്പെടുത്തിയ Mix Seal Surface പ്രവൃത്തിയുടെ ഒബ്സർവ്ഡ് ഡാറ്റ തയ്യാറാക്കിയിട്ടുണ്ട്.പഞ്ചായത്തിൽ 2024-25 വർഷത്തെ റോഡ് നിർമ്മാണ പ്രവൃത്തികളിൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല.മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണം.14/19.12.2025 നുള്ള മറുപടിയിൽ പഗ് മിൽ ടൈപ്പ് പ്ലാന്റിന്റെ ലഭ്യത കുറവിനാലാണ് ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കാത്തതെന്നും അടുത്ത സാമ്പത്തിക വർഷം മുതൽ ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

1-44 ബാധ്യത തുകകൾ തൻവർഷവും ക്രമീകരിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിലെ B-9 Other Liabilities ഷെഡ്യൂളിൽ ബാധ്യതയായി രേഖപ്പെടുത്തിയ ചുവടെ ചേർക്കുന്ന തുകകകൾ 2024-25 വർഷവും ക്രമീകരിച്ചിട്ടില്ല.

ഹെഡ് കോഡ്	ഇനം	തുക
350200119	Recoveries Payable-Covid	17440
350200199	Recoveries Payable-Other Recoveries From Employees	2468
350200299	Recoveries Payable- Other Deductions	1925
350300101	Government And Other Dues Payable - Library Cess	86229
350300103	Government And Other Dues Payable – Value Added Tax	10557
350300106	Government And Other Dues Payable – Revenue Recovery	464

ബാധ്യതയായി രേഖപ്പെടുത്തിയ തുകകൾ സംബന്ധിച്ച വിവരങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി ബന്ധപ്പെട്ട തുകകൾ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (21/19.12.25 മറുപടിയായി അറിയിച്ചിരിക്കുന്നത്. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഭാഗം -2
വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം

ഇല്ല.

ഭാഗം -3
ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം

ഇല്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ്പ് അവലോകനം

ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മെഡിസെപ് പ്രീമിയവുമായി ബന്ധപ്പെട്ട് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
**	രൂ.127000/-	രൂ.127000 /-	0	

01-04-2024 മുതൽ 31-03-2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ.

** 6 മാസങ്ങളിൽ 21 ജീവനക്കാരും 4 മാസങ്ങളിൽ 22 ജീവനക്കാരും 2 മാസങ്ങളിൽ 20 ജീവനക്കാരും പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

2) മെഡിസെപ് പ്രീമിയം ഒടുക്ക് (01-04-2024 മുതൽ 30-06-2024നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
-	-	-	-	-	-

3) മെഡിസെപ് പ്രീമിയം ഒടുക്ക് (01-07-2024ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
-	-	-	-	-

4) മെഡിസെപ് പ്രീമിയം ഒടുക്ക് (01-08-2024 മുതൽ 31-03-2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക	റിമാർക്സ്
-	-	-	-	-	-

(ഓഡിറ്റ് എൻകവയറി നം.4/15.12.25)

4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

വിഹിതം നൽകിയ സ്ഥാപനം	വർഷം	മുന്നിരിപ്പ്	തൻ വർഷം ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	2024-25	0	1200000	17/25 ക്ഷീരസമൃദ്ധി	1200000	0
		0	560000	317/25ലൈഫ് ഭവനപദ്ധതി എസ്.സി, എസ്.റ്റി അഡീഷണൽ ലിസ്റ്റ്	560000	0
		0	544500	3/25സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	544500	0
		0	265138	207/25 ക്ഷീരസമൃദ്ധി	265138	0
		2943462	0	മുൻവർഷത്തെ പ്രോജക്ടുകൾ	0	2943462
ആകെ		2943462	2569638		2569638	2943462
ജില്ലാ പഞ്ചായത്ത്	2024-25	0	70000	206/25 ഹരിതഭവനം	70000	0
			2050754	318/ലൈഫ് ഭവനപദ്ധതി (ജനറൽ)	2050754	
			120000	62/25 ലൈഫ് ഭവനപദ്ധതി (എസ്സ്.സി)	120000	
			225000	224/25ലൈഫ് വസ്തുവാങ്ങൽ -പട്ടികജാതി വിഭാഗം	225000	
		0	544500	3/25സ്നേഹസ്പർശം -മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്	544500	0
		0	134347	17/25 ക്ഷീരസമൃദ്ധി	134347	0
		554661	0	മുൻവർഷത്തെ പ്രോജക്ടുകൾ	0	554661
ആകെ		554661	3144601		3144601	554661

വാർഷിക ധനകാര്യ പത്രിക പ്രകാരം

	2023-24 B-4,ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	തൻവർഷത്തെ വരവ് (I-6 പ്രകാരം)	ആകെ	സുലേഖ പത്രിക പ്രകാരം ചെലവ്	നീക്കിയിരിപ്പ്	2024-25 B-4 ഷെഡ്യൂൾ പ്രകാരം നീക്കയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത് വിഹിതം	2943462	2569638	5513100	2569638	2943462	2943462
ജില്ലാ പഞ്ചായത്ത്	554661	3144601	3699262	3144601	554661	554661

വിഹിതം						

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	മുൻകൂർ നൽകിയ തുക	തൻ വർഷം ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം പ്രകാരം)	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	145/25 പൂവച്ചൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ	300000	0	300000
	61/25 പൂവച്ചൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	263697	0	263697
അനർട്ട്	255/25 സോളാർ പാനൽ സ്ഥാപിക്കൽ	50000	0	50000
	341/25 വീടുകളിലും ഘടകസ്ഥാപനങ്ങളിലും സോളാർ പാനൽ സ്ഥാപിക്കൽ	100000		100000

വാർഷിക ധനകാര്യ പത്രിക പ്രകാരം

നിർവ്വഹണ ഏജൻസി	2023-24 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്	2024-25 വർഷത്തെ നിക്ഷേപം (സുലേഖ പ്രകാരം)	ആകെ	വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്	2024-25 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്
കെ.എസ്.ഇ.ബി	3174851	563697	3738548	-	3608500
കേരള വാട്ടർ അതോറിറ്റി	3036769	-	3036769	-	3036769
അനർട്ട്	0	150000	150000	-	100000
പി.ഡബ്ലൂ.ഡി	255000	-	255000	-	255000

കെ.എസ്.ഇ.ബി, അനർട്ട് എന്നീ സ്ഥാപനങ്ങൾക്ക് തൻവർഷം അനുവദിച്ച തുകകൾ അഡ്വാൻസ് ഹെഡിൽ ബുക്കു ചെയ്തതായി കാണുന്നില്ല. ആയതിനാൽ നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുന്നില്ല അപാകം ഖണ്ഡിക 1-1-8ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

വായ്പ വിവരം	ഉത്തരവ് നമ്പർ / തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം)	തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം)	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക	തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം)
KURDFC	ജി.ഒ. (എം.എസ്)	71218181	8888742	7131700	72975223	72935223

	47/2020/LSGD തീയതി 17.03.20					

ലോണിനത്തിൽ തൻവർഷം ലഭിച്ച തുകയും തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയും രജിസ്റ്ററും വാർഷികധനകാര്യ പത്രികയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകം 1-1-7ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ക്രമ നമ്പർ	റിപ്പോർട്ട് വർഷം	ഖണ്ഡിക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	ഈടാക്കിയ തുക	രസീത് നമ്പർ/ തീയതി
1	2022-23	1-26	ക്ലമന്റ് പി., അസിസ്റ്റന്റ് എഞ്ചിനീയർ	5,017/-	1240100822/20.5.24
2	2022-23	1-26	ക്ലമന്റ് പി., അസിസ്റ്റന്റ് എഞ്ചിനീയർ	12,232/-	1240100845/21-05-2024

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികളുടെ വിവരം

ഇല്ല

4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	3,54,15,405
ഓഡിറ്റ് വർഷത്തെ വരവ്	9,27,90,981
ഓഡിറ്റ് വർഷത്തെ ചെലവ്	8,19,31,068
നീക്കിയിരിപ്പ്	4,62,75,318
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	14,88,405

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	16,520/-	ഡോ.സോജാ രാജ്.എസ്.എസ്, മെഡിക്കൽ ഓഫീസർ പി.എച്ച്.സി.
1-21	1,15,796/-	ഡോ.സോജാ രാജ് എസ്.എസ്., മെഡിക്കൽ ഓഫീസർ പി.എച്ച്.സി.
1-22	4,09,350/-	ശ്രീമതി ബിന്ദു എസ്.കെ., ഹെഡ്മിസ്ട്രസ്സ്, ഗവ. എൽ.പി.എസ്. കാട്ടാക്കട
1-26	8,90,625/-	ശ്രീ. മനോജ് എസ്., സെക്രട്ടറി
1-27	9,676/-	ശ്രീ. മനോജ് എസ്., സെക്രട്ടറി
1-37	46,438/-	ഡോ. രേഖ എസ്.കെ., മെഡിക്കൽ ഓഫീസർ (ഹോമിയോ)
ആകെ	14,88,405/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ)	സ്ഥിരം മേൽവിലാസം

	ഔദ്യോഗിക മേൽവിലാസം	
ശ്രീ. മനോജ് എസ്., സെക്രട്ടറി	സെക്രട്ടറി, പൂവച്ചൽ ഗ്രാമപഞ്ചായത്ത്	സാഫല്യം, എസ്.ആർ.എ.73, ഭഗവതിനട, വെടിവച്ചാൻ കോവിൽ
ഡോ. സോജാ രാജ്.എസ്.എസ്., മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	മെഡിക്കൽ ഓഫീസർ പി.എച്ച്.സി., പൂവച്ചൽ ഗ്രാമപഞ്ചായത്ത്	എസ്.എസ്. നിവാസ്, മേപ്പൂക്കട, മലയിൻകീഴ്, പി.ഒ.
ശ്രീമതി ബിന്ദു എസ്.കെ., ഹെഡ്മിസ്ട്രസ്സ്	ഹെഡ്മിസ്ട്രസ്സ്, ഗവ. L.P.S. കാട്ടാക്കട	പി.എൻ.റ്റി. നിലയം വെള്ളങ്ങൽ ഒറ്റശേഖരമംഗലം പി.ഒ.
ഡോ.രേഖ എസ്.കെ., മെഡിക്കൽ ഓഫീസർ (ഹോമിയോ)	മെഡിക്കൽ ഓഫീസർ (ഹോമിയോ), പൂവച്ചൽ ഗ്രാമപഞ്ചായത്ത്	തിരുവോണം, ശാന്തിനഗർ പേയാട് പി.ഒ.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2008-09	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	2
2009-10	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	4
2010-11	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	6
2011-12	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	4
2012-13	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	3
2013-14	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	8
2014-15	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	10
2015-16	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	20
2016-17	കെ.എസ്.എ.റ്റി.വി.എം/ജി.പി.6/1816/2022 തീയതി. 14.10.2022	6
2017-18	കെ.എസ്എ.റ്റി.വി.എം.ജി.പി5/827/2019. തീയതി. 09.07.2019	6
2018-19	കെ.എസ്എ.റ്റി.വി.എം.ജി.പി.5/2038/2019. തീയതി. 07.12.2019	
2019-20	കെ.എസ്എ.റ്റി.വി.എം.ജി.പി.5/132/2019 തീയതി. 25.10.2022	20
2020-21	കെ.എസ്എ.റ്റി.വി.എം.ജി.പി.6/863/2022 തീയതി. 11.06.2024	12
2021-22	കെ.എസ്എ.റ്റി.വി.എം.ജി.പി.6/863/2022 തീയതി. 23.01.2024	16
2022-23	കെ.എസ്എ.റ്റി.വി.എം.ജി.പി.6/863/2022 തീയതി. 21.03.2024	35
2023-24	കെ.എസ്എ.റ്റി.വി.എം.ജി.പി.6/1014/2022 തീയതി. 21.08.2025	20

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number V(2) dated V(2) dated 13-05-2025 and submitted on 17-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the Poovachal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Poovachal Grama Panchayat as on 31-03-2025

Date: 17/01/2026 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Poovachal Grama Panchayat for the Year 2024-2025.

1.Major Observations

According to the Income and Expenditure Statement, expenditure has been booked in excess of income (Income: **722896662**; Expenditure: **726608932**; Deficit: **1137196**)

2.Other Observations

1. The following mandatory financial statements prescribed in accounting rules are not submitted for audit
eg. ratios, notes on account.

2. Statement related to B-1 Schedule (Adjusted performance for the current year) has not been submitted with the annual financial statement.

3.Non disclosure of expenses due- outstanding expenses such as honorarium for members, fuel expenses due in the current financial year are not included in balance sheet as provision of expenses due (B-9).

4. No monthly demand is being raised for revenue items such as property tax and profession tax. Demand is being raised only at the end of the year.

5.As per the Bank Reconciliation Statement as on 31.03.2025 of State Bank of India, POOVACHAL ADB (A/c No. 57059415574),

various cheques received by the Panchayat have not been credited to the bank account till date (cheques deposited but not cleared). The details are given below:

Voucher No.	Voucher Date	Instrument No.	Instrument Date	Amount
11602500033	31-03-2017	653850	27-03-2017	1,250
11602500009	31-08-2016	083472	30-04-2022	2,500
11704900052	01-03-2018	927119	02-08-2017	1,000
11602500036	13-02-2017	1	13-02-2017	500
11604900037	13-02-2017	1	13-02-2017	240

No reply has been received to the audit query (No. 15 dated 18.12.2025) issued seeking an explanation for non-realisation of the above uncredited cheques.

6. Credit balances (negative closing balances) have been recorded in the Bank Book during various periods. The details are given below:

Bank Account	period
Indian Overseas Bank (314801000004444)	21-12-2024 to 23-01-2025
STATE BANK OF INDIA (67060504487)	30-09-24 to 29-03-25
Federal Bank (15490100147749)	05-07-24 to 12-02-25

7.The loan details as shown in the AFS do not tally with the register

As per the Annual Accounts and the Bank Statement (Federal Bank A/c No. 15490100147749), an amount of 88,88,742/- has been received during the year under Secured Loans from KURDFC. However, as per the Loan Register produced for audit, the amount of loan sanctioned during the year is 51,68,142/-.

Further, the outstanding loan balance as per the Annual Accounts is 7,29,35,223/-, whereas as per the Loan Register it is 28,08,17,010/-. No reply has been received to the audit query (No. 21 dated 19.12.2025) issued seeking clarification for the above differences. The reply should be furnished along with supporting records.

8. Amounts disbursed for deposit works are not being accounted under the Advance head.

During the year, amounts of Rs.5,63,697/- and Rs.1,50,000/- were sanctioned to KSEB and ANERT respectively. However, it is observed that the above amounts have not been fully accounted under the Advance head. Consequently, the balances do not tally. No reply has been received to the audit query (No. 21 dated 19.12.2025) issued seeking clarification in this regard.

9.a) Bank statements for the period 01.04.2024 to 31.03.2025 in respect of the following bank accounts have not been produced for audit. The details are given below:

Bank Account	Balance
Bank of Baroda (A/c No. 58370200000092)	0
District Treasury, Kattakada (A/c No. 702011400000014)	0

b) As per Receipt and Payment Account RP-40(b) the bank statement, bank book, and reconciliation statement relating to the Nationalised Bank Account of Own Revenue Fund (Balance: 19,011) have not been produced for audit.

In reply to the audit query (No. 21 dated 19.12.2025), it has been informed that the District Rural Treasury, Kattakada account has been closed, and that a copy of the Bank of Baroda statement up to 11.12.2024 was made available for audit, as per which a balance of 295 remains in bank.

It has further been informed that the bank account shown in ILGMS as Â□Nationalised Bank Account of Own Revenue Fund in the Receipt and Payment Account RP-40(b) does not actually exist in the Panchayat, and that it is auto-generated due to an error in the ILGMS software. As the said bank account does not exist, the bank statement, bank book, and reconciliation statement could not be produced for audit. It has also been stated that steps are being taken to remove the erroneous bank account.

10)The collection and balance amounts of property tax on residential and non-residential buildings in the annual financial statement do not agree with the information recorded in the Sanjaya software.

11)The abstracts of revenue registers (Rent Register, Licence Register, and Profession Tax Register) have not been prepared and certified by the Secretary. Consequently, the accuracy of revenue items could not be verified in audit.

- The Advance Register has not been produced for audit to verify the authenticity of advances shown under Schedule B-18.

12)On verification of the ledger of Head 140400199 Other Fees in Schedule RP-4, it is observed that certain receipts of the institution have been incorrectly accounted under the said head. The details are given below:

Sl. No.	Receipt No. / Date	Amount	Revenue Head / Item under which it should have been accounted
1	1240102776 / 25.10.2024	48	140130119 Fee for Extracts as per RTI Act

The same has not been rectified through journal adjustment.

13)As per Rule 58(e) of the Kerala Panchayat Raj (Accounts) Rules, ledger balances and the related registers should be reconciled on a monthly basis. However, monthly reconciliation between the ledger balances and the related registers is not being carried out.

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്